# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുവള്ളി നഗരസഭ

ഓഡിറ്റ് റിപ്പോർട്ട് - 2016-17

## കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.14/1690/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020
ഫോൺ. 0495-2371012
E-mail: ddlfakkd@yahoo.in

തീയ്യതി :24.08.2017

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ, (സെക്രട്ടറി മുഖേന)

കൊടുവള്ളി നഗരസഭ, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻ മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.21(1),(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:-

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.കെ.ഡി/പി.14/1690/2017 തീയ്യതി :24.08.2017

# കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ

# വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*( 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )*

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭയിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്36 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭയിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻെറ പേര് , തസ്തിക | ശ്രീ. പി. ഉണ്ണികൃഷ്ണൻ, ജോയന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.5.17 മുതൽ 31.5.2017 വരെയും<br>8.8.2017 മുതൽ 11.8.17വരെയും |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബാലസുബ്രഹ്മണ്യൻ.എ.കെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പി.ഉണ്ണിക്കൃഷ്ണൻ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ദിശ.ആർ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഇ.വി.ഹരി, അസി. ഓഡിറ്റ് ഓഫീസർ (08.08.2017 മുതൽ 11.08.2017 വരെ) |
| | ശ്രീമതി.ഷൈനി.പി,അസി. ഓഡിറ്റ് ഓഫീസർ (08.08.2017 മുതൽ 11.08.2017 വരെ) |

## (ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| ചെയർപേഴ്ൺ | ശ്രീമതി. ശരീഫ. സി. കെ - 01.4. 2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.ബാബുപ്രസാദ്. 1.4.16 മുതൽ 14.3.2017വരെ |
| | ശ്രീമതി. വ്യജ.എൻ.കെ, സെക്രട്ടറി - 16.3.17 മുതൽ 31.3.2017വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി. നസീമ. കെ.കെ | കൃഷി ഓഫീസർ | 1.4.16 മുതൽ 31.3.17 വരെ |
| ശ്രീമതി. പി.എസ്. ശ്രീജ | വെറ്ററിനറി സർജ്ജൻ | 1.4.16 മുതൽ 31.3.17 വരെ |
| ഡോ. നസ്റുൽ ഇസ്ലാം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 1.4.16 മുതൽ 31.3.17 വരെ |
| ഡോ. പി. ദേവസ്യ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1.4.16 മുതൽ 31.3.17 വരെ |
| ശ്രീ. വി. അഭിനേഷ് കുമാർ | വി.ഇ.ഒ. | 1.4.16 മുതൽ 31.3.17 വരെ |
| ശ്രീമതി. ശ്രീജ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1.4.16 മുതൽ 31.3.17 വരെ |
| ശ്രീ. അബ്ദുൾ റഹീം.കെ | പ്രിൻസിപ്പാൾ ജിഎച്ച്എസ്എസ് കൊടുവള്ളി | 1.4.16 മുതൽ 31.3.17 വരെ |
| ശ്രീ. പ്രദീപ്കുമാർ | അസിസ്റ്റൻറ് എഞ്ചിനീയർ | 1.4.16 മുതൽ 4.7.16 വരെ |
| ശ്രീമതി.ജയന്തി.എൻ.പി | അസിസ്റ്റൻറ് എഞ്ചിനീയർ | 5.7.16 മുതൽ 31.3.17 വരെ |

## ഓഡിറ്റ് റിപ്പോർട്ടിൻെറ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| ക്രമ.നം. | ഭാഗം - 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിൻെറ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിൻെറ വിവരങ്ങൾ | 1-10 |
| | ഭാഗം - 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | വസ്തു നികുതി പരിഷ്കരണത്തിൽ വർദ്ധനവ് വരാതിരിക്കാൻ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുമ്പോൾ പ്ലിന്ത് ഏരിയയിൽ കുറവ് വരുത്തുന്നു- നഗരസഭക്ക് നികുതിയിനത്തിൽ വൻനഷ്ടം. | 2-2 |
| 13 | കൊടുവള്ളി നഗരസഭയ്ക്ക് ബാധകമായ നികുതി നിരക്ക് നിശ്ചയിച്ചിട്ടും പഴയ നിരക്കിൽ വാണിജ്യ കെട്ടിടത്തിന് വസ്തു നികുതി ഈടാക്കി | 2-3 |
| 14 | വാണിജ്യകെട്ടിടങ്ങൾക്ക് വിഭജിച്ച് വസ്തുനികുതി കണക്കാക്കി- നിരക്കിലും ആകെ വിസ്തീർണ്ണത്തിലും കുറവ് | 2-4 |
| 15 | പുതിയ കെട്ടിടത്തിന് കാലപ്പഴക്കത്തിന് നികുതിയിളവ് നൽകി | 2-5 |
| 16 | മുഴുവൻ കെട്ടിടങ്ങൾക്കും സഞ്ചയയിൽ നികുതി ഡിമാന്റ് ചെയ്തില്ല. | 2-6 |
| 18 | ഇൻഡസ്ട്രിയൽ ഷെഡ്ഡിന് പാർപ്പിടത്തിന്റെ നിരക്ക് അനുവദിച്ചു. | 2-7 |
| 19 | വസ്തുനികുതി നിർണ്ണയത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകൾ | 2-8 |
| 20 | ഓഫീസ് കെട്ടിടത്തിന് കുറഞ്ഞ നികുതി നിരക്ക് ഈടാക്കി | 2-9 |
| 21 | ഡി &ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-10 |
| 22 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-11 |
| 23 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ | 2-12 |

| | | |
|---|---|---|
| 24 | കെട്ടിടനിർമ്മാണപെർമിറ്റ് - ഫയൽ ഹാജരാക്കാത്തത് സംബന്ധിച്ച് | 2-13 |
| 25 | തൊഴിൽ നികുതി അപാകതകൾ | 2-14 |
| 26 | ബസ് സ്റ്റാന്റ് ഫീസ് - സേവന നികുതി ഈടാക്കിയില്ല | 2-15 |
| ഭാഗം - 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 27 | നഗരസഭാ മീറ്റിംഗ് ഹാളിൽ ഏ സി സ്ഥാപിക്കൽ - ക്വട്ടേഷൻ വിളിച്ചത് ക്രമപ്രകാരമല്ല | 3-1 |
| 28 | പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ- ആവശ്യങ്ങൾക്കനുസരിച്ചാണോ എന്ന് വ്യക്തമല്ല. | 3-2 |
| 29 | നഗരസഭയിലെ സോഫ്റ്റ്വെയറുകളുടെ കാര്യത്തിൽ ഐ കെ എം പ്രവർത്തനം തൃപ്തികരമല്ല. | 3-3 |
| 30 | സൗണ്ട്സിസ്റ്റം സ്ഥാപിക്കൽ -അപാകതകൾ | 3-4 |
| 31 | രജിസ്റ്റർ ചെയ്തു കിട്ടാത്ത ഭൂമിയിൽ കിണർ നിർമ്മിച്ചു. | 3-5 |
| 32 | കണ്ടിജന്റ് ചെലവുകളിൽ രേഖകളില്ല | 3-6 |
| 33 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി- സാധനങ്ങൾ വാങ്ങിയത് ചട്ടപ്രകാരമല്ല | 3-7 |
| 34 | ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയ്ക്ക് കരാറുകാരന്റെ ലാഭവിഹിതം കണക്കാക്കിയതിനാൽ കരാറുകാർക്ക് അധിക തുക നല്കുന്നു | 3-8 |
| 35 | യോഗസമയത്ത് ലഘുഭക്ഷണം നൽകാതെ പാക്കറ്റ് ഭക്ഷണം നൽകി. | 3-9 |
| 36 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - മതിയായ തുക വകയിരുത്തുന്നില്ല. | 3-10 |
| 37 | സാമൂഹ്യ ദ്രോഹികൾ കേട് വരുത്തിയ റോഡ് നന്നാക്കിയ വകയിൽ ചെലവാക്കിയ തുക തിരിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല | 3-11 |
| 38 | സ്ട്രീറ്റ് ടാപ്പ് - സംയുക്ത പരിശോധന നടത്തിയില്ല | 3-12 |
| 39 | പെയിൻ ആന്റ് പാലിയേറ്റീവ്-അപാകതകൾ | 3-13 |
| 40 | വാട്ടർ ചാർജ്ജ് അടവാക്കിയതിന് രശീതിയില്ല | 3-14 |
| 41 | ടെലഫോൺ ബിൽ ഇല്ലാതെ ഫോൺ അലവൻസ് നൽകി | 3-15 |
| 42 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല | 3-16 |
| 43 | മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം നിർമ്മിച്ചില്ല. | 3-17 |
| 44 | മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ - പെൻഷൻ ഫണ്ട് ആരംഭിക്കേണ്ടതും പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കേണ്ടതുമാണ് | 3-18 |
| ഭാഗം 4 | | |
| 45 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 46 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 48 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 49 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിൻെറ വിവരം | 4-7 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 55 | അനുബന്ധം – 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 4.3.16 ലെ 51/16(2) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 25.3.17 ലെ 65/17 നമ്പർ തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2016 | 31.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-17 | 10.08.2017 | അനുബന്ധമായി ഉൾപ്പെടുത്തി | വിശേഷണങ്ങളോട് കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം(റസീറ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3809801 |
| വരവ് | 75325914 |
| ആകെ | 79135715 |
| ചെലവ് | 69988732 |
| നീക്കിയിരിപ്പ് | 9146983 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ബജറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | (പ്രകാരം) | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 19014387 | 19014387 | 16427024 | 2587363 | 86.39 |
| വികസനഫണ്ട് എസ്.സി.പി. | - | 5584329 | 5584329 | 1733565 | 3850764 | 31.04 |
| വികസനഫണ്ട് ടി.എസ്.പി. | - | | | - | | |
| സംരക്ഷണഗ്രാന്റ് റോഡ് | - | 9897471 | 9897471 | 3294777 | 6602694 | 33.29 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 5170074 | 5170074 | 3864887 | 1305187 | 74.75 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 9693285 | 9693285 | 8726003 | 967282 | 90.02 |
| പെർഫോമൻസ് ഗ്രാന്റ് | - | 1115881 | 1115881 | 427957 | 687924 | 38.35 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 6 | 0 | 1520216 | 0 | 0 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| കൃഷി ഓഫീസർ | 4 | 2 | 3539703 | 2084605 | 58.89 |
| സെക്രട്ടറി | 25 | 14 | 20785714 | 12562157 | 60.43 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 5 | 5 | 1500000 | 1364709 | 90.98 |
| വെറ്റിനറി സർജ്ജൻ | 7 | 7 | 2829173 | 1459500 | 51.58 |
| ഹെൽത്ത് ഓഫീസർ മുനിസിപ്പാലിറ്റി | 3 | 0 | 5395000 | 0 | 0 |
| മുനിസിപ്പൽ എഞ്ചിനീയർ | 256 | 106 | 60357258 | 18981031 | 31.45 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 8114750 | 6508117 | 80.20 |
| പ്രിൻസിപ്പൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ | 4 | 3 | 1840000 | 1381100 | 75.05 |

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 315 | 106081814 | 102 | 44541219 | 40 | 173 | 32.38 |

## 1-7 തനത് വരുമാനം

| ഇനം | തൻവർഷം |
|---|---|
| നികുതി വരവുകൾ | 8934085 |
| നികുതിയേതര വരവുകൾ | 4440439 |
| മറ്റു വരവുകൾ | 398926 |
| ആകെ | 13773450 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 430 | 756240 |
| കർഷക തൊഴിലാളി പെൻഷൻ | 531 | 4264740 |
| വിധവാ പെൻഷൻ | 1774 | 17323230 |
| വികലാംഗ പെൻഷൻ | 508 | 4973140 |
| വാർദ്ധക്യകാല പെൻഷൻ | 1707 | 20040710 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 76 | 879840 |
| വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 29 | 870000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.5.17ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6660/- രൂപ നീക്കിയിരിപ്പുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2015 ഓഗസ്റ്റ് | ഓഗസ്റ്റ് 2015 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.08.2017 | 2011-12 മുതൽ 2016-17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| |
|---|
| പെർഫോർമൻസ് ഓഡിറ്റ് വിഭാഗം രണ്ടു വർഷത്തോളമായി ഓഡിറ്റ് നടത്തിയിട്ടില്ല. |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന കൊടുവള്ളി സർവീസ് സഹകരണ ബാങ്ക് 609 നമ്പർ അക്കൗണ്ടിന്റെ 31.3.2017 ലെ റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ കലക്ഷനു വേണ്ടി നല്കിയ താഴെപ്പറയുന്ന ചെക്കുകൾ അന്നേ ദിവസം വരെ കളക്ഷനായിട്ടില്ല.

| ചെക്ക് നം / തീയതി | തുക | ഇനം |
|---|---|---|
| ലഭ്യമല്ല / 1.3.2016 | 773 | ലഭ്യമല്ല |
| 009882/8.2.2014 | 15000 | ഇൻഡസ് ടവറിന്റെ വാടക |
| 697853 /30.9.2014 | 450 | ലഭ്യമല്ല |
| ലഭ്യമല്ല / 1.4.2016 | 627 | ലഭ്യമല്ല |

ബാങ്കുമായി ബന്ധപ്പെട്ട് മേൽ ചെക്കുകളുടെ കലക്ഷന്റെ നിജസ്ഥിതി ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ താഴെപ്പറയുന്ന ചെക്കുകൾ ദീർഘ കാലമായി അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടാതെയിരിക്കുകയാണ്.

| ചെക്ക് നം / തീയതി | തുക |
|---|---|
| 31814/6.4.2015 | 3000 |
| 31762/31.3.2015 | 11737 |
| 31824/13.4.2015 | 400 |
| 31529/16.2.2015 | 660 |
| 31803/31.3.2015 | 8895 + 1778 |

3 മാസ കാലാവധി കഴിഞ്ഞ മേൽ ചെക്കുകൾ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പു വരുത്തി വാർഷിക കണക്കുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

2. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലുൾപ്പെട്ട തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

3. കെട്ടിട നിർമ്മാണ പെർമിറ്റ് , വാടക എന്നിവയുടെ വാർഷിക സംഗ്രഹം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ട്രഷറി തനത് ഫണ്ട് വി.പി.എഫ്.എ – 1 2 , സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - 1061014435

( ഒ. എ. പി ) എന്നീ അക്കൗണ്ടുകൾ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുകയാണ്.

5. നഗരസഭയുടെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വാറ്റ്, ഐ. ടി , തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിഷ്കരണത്തിൽ വർദ്ധനവ് വരാതിരിക്കാൻ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുമ്പോൾ പ്ലിന്ത് ഏരിയയിൽ കുറവ് വരുത്തുന്നു- നഗരസഭക്ക് നികുതിയിനത്തിൽ വൻനഷ്ടം.

വസ്തുനികുതി പരിഷ്കരണത്തിന്റെയും കമ്പ്യൂട്ടറൈസേഷന്റേയും ഭാഗമായി എല്ലാ ഡിമാന്റുകളും, സഞ്ചയയിൽ എൻട്രി

വരുത്തേണ്ടതുണ്ട്. ഇങ്ങനെ നിലവിലുള്ള ഡിമാന്റുകൾ സഞ്ചയയിൽ എൻട്രി വരുത്തുമ്പോൾ വിസ്തീർണ്ണത്തിൽ കുറവ് വരുത്തിയാൽ നികുതി പരിഷ്കരണത്തിന്റെ വർദ്ധനവ് വരാതെ പഴയ നികുതിയിൽ തന്നെ നിൽക്കുന്നു.

പുതിയ നികുതിദായകർക്ക് 14.01.2011 മുതലും, നിലവിലുള്ള നികുതിദായകർക്ക് 2013-14 വർഷം മുതലുമാണ് പരിഷ്കരിച്ച വസ്തുനികുതി പ്രാബല്യത്തിൽ വന്നത്. എന്നാൽ 14.01.2011 മുതൽ 31.3.2013 വരെയുള്ള കാലയളവിലെ നികുതിദായകരെ നിലവിലുള്ള നികുതിദായകരാക്കി കണക്കാക്കിയാൽ അവർക്ക് നിലവിലുള്ള നികുതിയുടെ പരമാവധി 25% വരെ മാത്രമേ വർദ്ധന നൽകാൻ പാടുള്ളു. ഇങ്ങനെ നികുതി കണക്കാക്കിയാൽ ഗ്രാമപഞ്ചായത്തിന് ആ കാലയളവിലെ നികുതിദായകരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ നികുതി ഈടാക്കാൻ കഴിയാതിരിക്കുകയും പകരം നാമമാത്ര വർദ്ധന മാത്രമായിരിക്കും ഉണ്ടാവുകയും ചെയ്യുക.

2011- 12, 2012-13 വർഷങ്ങളിൽ നിർമ്മിക്കപ്പെടുന്ന പുതിയ കെട്ടിടങ്ങൾക്ക് ആ സമയത്ത് വാർഷിക വാടക കണക്കാക്കിയാണ് നികുതി ചുമത്തുന്നതെങ്കിലും പിന്നീട് വിസ്തീർണ്ണം കണക്കാക്കി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇത്തരം പരിഷ്കരണം സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയാണ് ചെയ്യുന്നത്.

2012-13 വർഷത്തിൽ നമ്പർ ഇട്ട് നികുതി ഡിമാൻറ് ചെയ്ത ചില വ്യക്തികളുടേത് സഞ്ചയയിൽ വിസ്തീർണ്ണം ചുരുക്കിയാണ് കാണിച്ചത്. ചില വ്യത്യാസങ്ങൾ ചുവടെ കൊടുക്കുന്നു :-

| ക്രമ നം | കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഈടാക്കിയ നികുതി | സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയ വിസ്തീർണ്ണം, നികുതി | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|---|
| 1 | 3/86 M-S | ഉമ്മർ ഹാജി S/o മൊയ്തീൻ കുട്ടി, നടക്കൽ കൊടുവള്ളി | 60 M2 വാണിജ്യം | 2042 | 42.34@50= 2117 | 318.86x 60= 19116 |
| | 3/86 N | | 28.20 | 1134 | 24.34@50=1217 | |
| | 3/86P | | 24.38 | 591 | 14.34@50=717 | |
| | 3/86Q | | 24.38 | 591 | 14.34@50=717 | |
| | 3/86R | | 24.38 | 590 | 14.34@50=717 | |
| | 3/86 S | | 217.52 | 439 | 148.45= 791 | |
| | | Total | 318.86 | | 258.15M2 6276.00 | |
| | ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പ്രകാരം 318.86 ച മീ വിസ്തീർണ്ണം ഉണ്ടെങ്കിലും സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുമ്പോൾ വിസ്തീർണ്ണം കുറച്ച് 258.15M2മാത്രമേ കാണിച്ചുള്ളു. കൂടാതെ നികുതിയും കുറച്ച് കാണിച്ചു. പെർമിറ്റ്/ കമ്പ്ലീഷൻ പ്ലാൻ പ്രകാരം ഇതിനേക്കാൾ വിസ്തീർണ്ണം കൂടാം. അതു പോലും കാണിക്കാതെയാണ് വീണ്ടും ഡാറ്റാ എൻട്രി നടത്തിയപ്പോൾ വിസ്തീർണ്ണം കുറച്ച് കാണിച്ച് നികുതി കുറച്ചത്. ഇതു പ്രകാരം കുറവ് വന്ന നികുതി 12840 രൂപയാണ്. (19116-6276) | | | | | |
| 2 | 3/650 A-Z & A1-A5 & | ടി മുഹമ്മദ്, ടി അബ്ദുൽ മജീദ്, അബ്ദുൽ നാസർ, അബ്ദുൽ ഹക്കീം, അബ്ദുറഹിമാൻ അഷ്റഫ്, ഫൈസൽ ഏഴുകളത്തിൽ | 2300.90 ച മീ വാണിജ്യം | | 592.66 ച മീ. = 32026 | 2300.90x80= 184072 വലിയ കെട്ടിടമായതിനാൽ ഷോപ്പിംഗ് മാൾ ഗണത്തിലാണ് ഉൾപ്പെടുത്തിയത്. |
| | പുതിയ നികുതി കെട്ടിടം വിഭജിച്ചാണ് നൽകിയത്. അത് പ്രകാരം ആകെ ഉള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണവും, ഒടുക്കിയ നികുതിയുമാണ് മുകളിൽ കൊടുത്തത്. ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ 2300.90 ച മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം ആണെന്നാണ് കാണിച്ചത്. ഇത് പ്രകാരം നഗരസഭക്ക് നഷ്ടമായ 152046(184072- 32026) രൂപയാണ്. | | | | | |
| 3 | 1/44P | അബ്ദുള്ള കെ, S/o അബൂബക്കർ ഹാജി, കുപ്പാറത്ത് വീട്, സൗത്ത് കൊടുവള്ളി | 74.88 ച മീ വാണിജ്യം | 2160 | 51 ച മീ @ 50= 2550 + 10% വർദ്ധനവ് = 2805 | 74.88x50= 3744+ 374= 4118<br>4118- 2160= 1958 |
| 4 | 2/67 C | അബ്ദുൽ ലത്തീഫ്, S/o മുഹമ്മദ് കോളൂർ കൊടുവള്ളി | 276 ച മീ വാണിജ്യം | 18,925 | 180x60= 10,800+ 20% വർദ്ധനവ് - 2160= 12960 | 276x60= 16560+ 20% വർദ്ധനവ് 3312= 19872 |
| | കുറവ് വരുത്തിയത്. 19872-12960= 6912 രൂപ | | | | | |
| 5 | 8/350 A- C | ബഷീർ കെ, റാഷിദത്ത് കുന്നമ്മൽ, മാനിപുരം | 133 ച മീ | 3325 | 110x50=5500- 20% ഇളവ്- 1100 = 4400 | 133x60= 7980 - 20% ഇളവ്-1596= 6384 |
| | B | | 133 ച മീ | 3325 | 3949 | 133x60= 7980 - 20% ഇളവ്-1596= 6384 |
| | C | | 210 ച മീ | 7950 | 8970 | 210x60= 12600-20% ഇളവ്- 2520= 10080 |
| | | | | | 17319 | 22848 |
| | കുറവ് വരുത്തിയത് 22848- 17319= 5529 രൂപ | | | | | |
| 6 | 6/426 D | വി ടി അബ്ദുറഹിമാൻ മാസ്റ്റർ പ്രസിഡന്റ്, അസാസുൽ ഉലൂം മദ്രസ്സ. | 124 ച മീ | 4294 | 88 x 50= 4400 +(10%ഇളവ് 20% വർദ്ധനവ്) =4840 | 124x60= 7440+ (10%ഇളവ് 20% വർദ്ധനവ്)= 8184 |
| | കുറവ് വരുത്തിയത്. 8184-4840= 3344രൂപ | | | | | |
| 7 | 2/137H1 | റഷാ മുഹമ്മദ്, ഹിബ മുഹമ്മദ്, ഫിദ മുഹമ്മദ് മലയിൽ പറമ്പിൽ ഉണ്ണികുളം പൂനൂർ | 36.09 ച മീ | 1089 | 12.7 x50= 635+(10%ഇളവ് 20% വർദ്ധനവ്)= 699 | 36.09x50= 1804.50+ (10%ഇളവ് 20% വർദ്ധനവ്)= 1985 |
| | 36.09 ച മീ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന് കേവലം 12.7 ച മീ വിസ്തീർണ്ണത്തിനാണ് നികുതി നിർണ്ണയിച്ചത്. ഇതുപ്രകാരം 1286 രൂപ നഷ്ടം വന്നു.(1985-699) | | | | | |
| 8 | 10/285 B | എം ഹമീദ D/O ഉമ്മർഹാജി മണാളൻ തോട്ടത്തിൽ വീട് മാനിപുരം പിഒ, കൊടുവള്ളി | 101.17 ച മീ | 3541 | 80 ച മീ 3541 (മറ്റൊന്നും രേഖപ്പെടുത്തിയിട്ടില്ല) | 101.17x60= 6070 |
| | ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ വാണിജ്യകെട്ടിടം ആണെങ്കിലും Form-6 ൽ പാർപ്പിടം എന്നും, എന്നാൽ നികുതി ഒരു വിഭാഗത്തിലും പെടുന്നവയുമല്ല ഇവിടെ രേഖപ്പെടുത്തിയത്. നഷ്ടം- 6070-3541= 2529 രൂപ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 9 | 3/85 G | ഉസ്സൈൻ ഹാജി S/o മൊയ്തു ഹാജി വടക്കേക്കര, നരിക്കുനി | 26.16 ച മീ | 968 | 12 ച മീ x50 = 600 | 26.16x50= 1308 |
| | ഈ കെട്ടിടത്തിന് നികുതി കുറച്ചു നൽകിയതിൽ ഉണ്ടായ നഷ്ടം- 708 രൂപ (1308-600) | | | | | |
| 10 | 8/594 C- F | അബ്ദുൽ ലത്തീഫ്, S/o അഹമ്മദ് ഹാജി പട്ടിണിക്കര മാനിപുരം | 24.62 | 678 | 16.94x50= 847-(20% ഇളവ്) 169.4= 678 | 24.62x50= 1231-(20% ഇളവ്) 246= 985 |
| | 594/D | | 21.95 | 604 | 15.1x50= 755-151(20%)= 604 | 21.95x50= 1098-220(20%)= 878 |
| | 594/E | | 21.95 | 604 | 15.1x50= 755-151(20%)= 604 | 21.95x50= 1098-220(20%)= 878 |
| | 594/F | | 21.95 | 604 | 15.1x50= 755-151(20%)= 604 | 21.95x50= 1098-220(20%)= 878 |
| | | ആകെ | 90.47 | | 62.24 ച മീ 2490 | 3619 |
| | നഷ്ടം- 3619- 2490= 1129 രൂപ ഉടമസ്ഥന് കുറച്ച് നൽകി. | | | | | |
| 11 | 10/285 B | അബ്ദുൽ ഗഫൂർ കൊടക്കാട്ട് കണ്ടി S/o കുഞ്ഞമ്മദ് ഹാജി മാനിപുരം പി ഒ | 115.94 ച മീ | 3857 | 80 ച മീ<br>3541 | 115.94x60= 6956 |
| | നഷ്ടം- 6956- 3541= 3415രൂപ. ഉടമസ്ഥന് 3415രൂപ നികുതി കുറച്ച് നൽകി. | | | | | |
| 12 | 3/397 C | ഞെള്ളോറ മുസ്ലീം സാംസ്കാരിക വേദി പ്രസിഡന്റ് നടുവീട്ടിൽ ആലിക്കുട്ടി | 230.88ച മീ | 5264 | 80x50= 4000<br>tax. 4750 | 230.88x 50= 11544 |
| | നഷ്ടം- 11544-4750= 6794രൂപ. ഉടമസ്ഥന് 6794രൂപ നികുതി കുറച്ച് നൽകി. | | | | | |
| 13 | 8/255 C | അബ്ദുള്ളക്കുട്ടി ഹാജി S/o മോയിൻകുട്ടി, കോളി കെട്ടിക്കുന്നമ്മൽ വീട് കളരാന്തിരി മാനിപുരം. | 84.28 ച മീ | 474 രൂപ | 30x 50= 1500- (20% മേഖല, - 10% വഴി, 10% കാലപ്പഴക്കം) 600= 900 | 84.28x50= 4214-(30% ഇളവ്) 1264= 2950 |
| | 84.28 ച മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് കേവലം 30 ച മീ- ന് മാത്രമേ നികുതി നിർണ്ണയിക്കാൻ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയുള്ളു. കൂടാതെ പുതിയ കെട്ടിടത്തിന് കാലപ്പഴക്കത്തിന്റെ ഇളവ് അനുവദിച്ചു. നഷ്ടം- 2950-900= 2050 രൂപ | | | | | |
| | ആകെ | | | | | 197500 + LC 9875 |

ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ നിന്ന് ഡാറ്റാ എൻട്രി നടത്തിയപ്പോൾ കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറച്ച് കാണിക്കുകയാണ് ചെയ്തത് . കൂടാതെ, ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഉള്ള വിസ്തീർണ്ണം തന്നെയാണോ ഉൾപ്പെടുത്തിയതെന്ന് വ്യകതമല്ല. സഞ്ചയയിൽ നടത്തുന്ന ബേസ് ഡാറ്റാ എൻട്രി അനുസരിച്ചാണ് ഭാവിയിൽ ഈ കെട്ടിട ഉടമകളിൽ നിന്നും നികുതി ഈടാക്കുന്നത്. ഇത്തരത്തിൽ ചില കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ ഇങ്ങനെ കുറവ് വരുത്തി ഡാറ്റാ എൻട്രി നടത്തിയത് ഗുരുതരമായ ക്രമക്കേടാണ്. ഡാറ്റാ എൻട്രി നടത്തിയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട ക്ലാർക്കുമാർ ഉത്തരവാദിത്തം നിർവ്വഹിച്ചില്ല എന്നും കാണാം. ഇങ്ങനെ വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, ഡാറ്റാ എൻട്രി നടത്തിയത് വെരിഫൈ ചെയ്ത ക്ലാർക്കുമാർ ആരെന്നും വ്യക്തമാക്കേണ്ടതാണ്.വസ്തുനികുതി സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത് പുന:പരിശോധിക്കേണ്ടതാണ്. 2012-13 വർഷം മുതലാണ് ഈ നികുതി സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത്. അത് മുതൽ 2016-17 വർഷം വരെ ഈ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഈയിനത്തിൽ സംഭവിച്ച നഷ്ടം നിർണ്ണയിച്ച് ഈടാക്കി വിവരം പ്രഥമ മറുപടിയിലുൾപ്പെടുത്തേണ്ടതാണ്.

## 2-3 കൊടുവള്ളി നഗരസഭയ്ക്ക് ബാധകമായ നികുതി നിരക്ക് നിശ്ചയിച്ചിട്ടും പഴയ നിരക്കിൽ വാണിജ്യ കെട്ടിടത്തിന് വസ്തു നികുതി ഈടാക്കി

നഗരസഭ 23.09.2016 ലെ 110/16ാം നമ്പർ തീരുമാനത്തിൽ വിവിധ തരം കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട വസ്തുനികുതി വിവരം താഴെ ചേർക്കുന്നു.

| ഇനം നം | കെട്ടിടം ഇനം | നിരക്ക് ച. മീറ്ററിൽ |
|---|---|---|
| 1 | പാർപ്പിടാവശ്യം | 6.00 |
| 2 | വാണിജ്യം- 100 ച മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 70.00 |
| | വാണിജ്യം- 100 ച മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 90.00 |
| | വാണിജ്യം- 200 ച മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 70.00 |
| | വാണിജ്യം- 200 ച മീ മുകളിൽ തറ വിസ്തീർണ്ണമുള്ളസൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 140.00 |

| | | |
|---|---|---|
| 3 | ഓഫീസ് ഉപയോഗത്തിനുള്ള (വ്യവസായ ശാലകളോട് അനുബന്ധിച്ചുള്ള ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 70.00 |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ<br>കൈത്തരി ഷെഡ്ഡ്, കയർപിരി ഷെഡ്ഡ്... മുതലായവ | 20.00 |
| | ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ | 70.00 |

2016-17 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ പുതിയ ചില കെട്ടിടങ്ങൾ പഴയ നിരക്കിലാണ് നിർണ്ണയം നടത്തിയത്.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം | കെട്ടിടം നം. | ഉടമയുടെ പേര് വിലാസം | കെട്ടിടത്തിന്റെ വിസ്തീ ർണ്ണം ച മീ | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | 137 | 8/35A- H | മുഹമ്മദലി എം ടി, മണലിൻതോട്ടത്തിൽ വീട് മാനിപുരം പി ഒ | GF-165.68 FF-286.07<br>= 451.75 | BT-22523<br>LC- 1130 ( 10%മേഖല ഇളവ്, 20% വഴി വർദ്ധ നവ് ഉൾപ്പെടെ ) | 451.75x90= 40658 ( 10%മേഖല ഇളവ്, 20% വഴി വർദ്ധ നവ് )= +8132-4066= 44724 | 44724-22523= 22201 + LC 1110 |
| 2 | 202 | 2/376A | അഷ്റഫ് ബാബു, അബ്ദുൽ കലാം, അബ്ദുറഹിമാൻ | GF-220.55 FF-240.55 Stair-28.29<br>= 489.39 | BT-35237 LC- 1762<br>20% വഴി വർദ്ധ നവ് ഉൾപ്പെടെ ) | 489.39x90= 44045 +20% വഴി വർദ്ധ നവ് )8809= 52854 | 52854-35237= 17617 + LC 881 |
| 3 | 203 | 14/353 A-F | പ്രസിഡന്റ്, മസ്ജിദുസ്സലാം ജമാ അത്ത് പള്ളി കമ്മിറ്റി | GF-149.76<br>FF-14.56<br>= 164.32 | 96.72x 50= 4836 + 53.14x6= 318.84(Flat) | 96.72x70= 6770 + LC 339 | 6770-4836=<br>BT- 1934<br>LC 97 |
| | 26.57 ച മീ വിസ്തീർണ്ണം ഉള്ള 2 ഫ്ലാറ്റുകൾ പാർപ്പിടാവശ്യത്തിന്റെ നിരക്കാണ് നൽകിയത്. | | | | | | |
| 4 | 205 | 16/110A-F | പോക്കർ കട്ടി, ചെറു പൂളങ്ങൽ സൗത്ത് കൊടുവള്ളി | GF-58.28<br>FF-63.80<br>Stair-13.16 | 99.08x50 = 4954 | 122.08x90= 10987 – (1098)+ 2197= 12085 | BT- 5040<br>LC -252 |
| | 99.08 ച മീറ്ററിന് 50 രൂപ നിരക്കിലാണ് ഈടാക്കിയത്. കൂടാതെ മേഖല ഇളവ് 10% വും, വർദ്ധനവ് 20% ഇങ്ങനെയാണ് കണക്കാക്കിയത് . ഇത് പ്രകാരം അടവാക്കിയ തുക 7045 രൂപയാണ്. | | | | | | |
| 5 | 230 | 23/86 A- E | ഷൈജൽ പി, പന്നിയോക്കിൽ പ്ലാക്കറ്റി കൊടുവള്ളി | GF 132.84<br>FF 147.60<br>Stair 15.68<br>296.12 | BT 12873 ( 10%മേഖല ഇളവ്, 20%വഴി വർദ്ധനവ്) | 280.44x90= 25340+ ( 10%മേഖല ഇളവ്, 20%വഴി വർദ്ധനവ്)= 27874 | 27874- 12873= 15001 BT<br>LC- 750 |
| 6 | 234 | 21/161A-C | ആലിക്കോയ – സുബൈദ വെള്ളങ്ങോട്ട് മണ്ണിൽ നെല്ലാംകണ്ടി വാവാട് | GF 101.15<br>FF 124.91<br>226.06 | ( 10%മേഖല ഇളവ്, 20%വഴി വർദ്ധനവ്) 13397 | 226.06x90= 20345+ ( 10%മേഖല ഇളവ്, 20%വഴി വർദ്ധനവ്) 22380 | 22380- 13397= 8983 +<br>LC 449 |
| 7 | 256 | 13/2A-B | അബ്ദുൽ മജീദ് S/o അയമ്മദ് കട്ടി, പൂവ തൊട്ടകയിൽ കരുവം പൊയിൽ | GF 111.87 | 4476 (20% ഇളവ് അടക്കം) | 111.87x 90= 10068- (20% കുറവ് = 2014)= 8054 | 8054- 4476= 3578 +<br>LC 179 |
| 8 | 313 | 7/320 A | അബ്ദുൽ അസീസ് കെ കെ കൊടക്കാട്ടുകണ്ടി മാനിപുരം | GF 36 | 2052 (( 108ബഹുനില ഇളവ്, 20%വഴി വർദ്ധനവ്) | 36x70= 2520 (- 5% + 20%)= 2898 | 2898- 2052= 846 + LC 42 |
| 9 | 321 | 16/272 C | മുഹമ്മദലി എം കെ, മേലെ കല്ലിട്ടമ്പിൽ , ദാറുസ്സലാം സൗത്ത് കൊടുവള്ളി | GF 126.88 ഇതര വ്യവസായം | 4441 (30% ഇളവ് ഉൾപ്പെടെ) | 126.88x70= 8882- 30%= 6217 | 6217- 4441= 1776 + LC 89 |
| 10 | 347 | 2/376 B | പ്രസിഡന്റ് & സെക്രട്ടറി ഇരുമോത്ത് ജുമാ അത്ത് പള്ളി കമ്മിറ്റി വാവാട് | GF 235.75<br>വാണിജ്യം | 9902 ((30% ഇളവ് ഉൾപ്പെടെ) | 235.75x 90= 21218-30% = 14853 | 14853-9902= 4951 + LC 248 |
| 11 | 364 | 21/444B-E | അബ്ദുൽ മജീദ് S/o മുഹമ്മദ് ഹാജി കരിമ്പയിൽ കൊടുവള്ളി | GF 227.75 | 14352 (30% വർദ്ധനവ് ഉൾപ്പെടെ) | 227.75x90= 20498+ 30% വർദ്ധനവ് 6149= 26647 | BT 26647- 14352= 12295 + LC615 |
| 12 | 80 | 10/711 A | അമീൻ, എലത്തും കണ്ടിയിൽ ഒതയോത്ത് മാനിപുരം | Cellar-19.61<br>GF 51.66<br>FF 51.66 | 6371((20% ഇളവ് ഉൾപ്പെടെ) | 103.22x90= 9299 -((20% ഇളവ്)= 7439 | 7439-6371= 1068 +<br>LC53 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | Stair- 9.78 | | | |
| 13 | 84 | 3/285 A | മുഹമ്മദ് എം, മാട്ടപ്പൊയിൽ, വാവാട് പി ഒ | 295 | 21240 (20% വർദ്ധനവ് ഉൾപ്പെടെ) | 295x90= 26550 +(20% വർദ്ധനവ് ഉൾപ്പെടെ) 5310= 31860 | 31860-21240= 10620 + LC 531 |
| 14 | 86 | 9/61 A-B | ഷറഫുദ്ദീൻ കെ വി, കൗസർ വില്ല, കരീറ്റിപ്പറമ്പ്, മാനിപുരം | GF 61<br>FF 71.98<br>132.98 | 8540 ( 10%മേഖല ഇളവ്, 20% വഴി വർദ്ധ നവ് ഉൾപ്പെടെ ) | 132.98x 90= 11968 ( 10%മേഖല ഇളവ്, 20%വഴി വർദ്ധനവ്)+2394-1197= 13165 | 13165-8540 = 4625 + LC 231 |
| 15 | 192 | 15/110 A-E | ഉമ്മർ ഒ വി, യൂസഫ് ഒ വി ഒറ്റപ്പോക്ക് വയലിൽ മദ്രസ്സാബസ്സാർ വെണ്ണക്കാട് | GF 107.12<br>FF 37.12<br>Stair 15.12<br>159.36 | 7879 ( 10%മേഖല ഇളവ്, 20% വഴി വർദ്ധ നവ് ഉൾപ്പെടെ ) | 144.24x90= 12982 ( 10%മേഖല ഇളവ്, 20% വഴി വർദ്ധ നവ് ഉൾപ്പെടെ )+2596-1298= 14280 | 14280- 7879= 6401<br>+ LC 320 |
| | | ആകെ | | | | | B T 119084<br>LC 5847 |

നഗരസഭ 23.09.2016 ലെ 110/16 ാം നമ്പർ തീരുമാനത്തിൽ വിവിധ തരം കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട വസ്തുനികുതി നഗരസഭയ്ക്ക് ബാധകമായതാണ്. എന്നാൽ ഈടാക്കിയ നികുതി പഞ്ചായത്തിന് ബാധകമായതും. വാണിജ്യ കെട്ടിടങ്ങളുടെ പുതിയ നികുതി മാത്രമാണ് ഇവിടെ പരിശോധിച്ചത്. പുതിയ നിരക്ക് നിലവിൽ വന്നിട്ടും പഴയ നിരക്ക് തന്നെ ഈടാക്കിയത് മൂലം നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ 119084 രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 5847 രൂപയും 2016-17 വർഷത്തിൽ നഷ്ടമായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. സമാനമായ നികുതി നിർണ്ണയങ്ങൾ പുന:പരിശോധിക്കേണ്ടതാണ്.

## **2-4** <u>വാണിജ്യകെട്ടിടങ്ങൾക്ക് വിഭജിച്ച് വസ്തുനികുതി കണക്കാക്കി- നിരക്കിലും ആകെ വിസ്തീർണ്ണത്തിലും കുറവ്</u>

വസ്തുനികുതി പുനർനിർണ്ണയത്തിനായി പരിഗണിച്ചിരുന്നത് കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിനനുസരിച്ചാണ്. മേഖലകൾക്കനുസരിച്ച് കിഴിവും വർദ്ധനവും, കാലപ്പഴക്കത്തിനനുസരിച്ച് കുറവും ഉണ്ടാകുന്നു. വാണിജ്യ കെട്ടിടങ്ങൾക്ക് 100 ച മീ വരെ മിനിമം 50 രൂപയും, 100- 200 വരെ ച. മീ. 60 രൂപയും, 200 ന് മുകളിൽ 80 രൂപയും ച മീറ്ററിന് നികകുതിയിനത്തിൽ നൽകേണ്ടതാണ്(പഞ്ചായത്ത് ആയിരുന്ന കാലയളവിലെ സ്ഥിതി.) എന്നാൽ, വാണിജ്യ കെട്ടിടങ്ങൾക്ക് ഓരോ മുറികൾക്കും വിഭജിച്ചാണ് നികുതി നിർണ്ണയിച്ചത്. കൂടാതെ ഇങ്ങനെ നികുതി നിർണ്ണയിച്ച വിസ്തൃതി ആകെ വിസ്തൃതിയേക്കാൾ വളരെ കുറവായാണ് കാണുന്നത്. ഇതിനാൽ ഗ്രാമപഞ്ചായത്തിന് 100 ച മീറ്ററിൽ കൂടിയ കെട്ടിടങ്ങൾക്കും കുറഞ്ഞ നിരക്കായ 50 രൂപയാണ് ച മീറ്ററിന് ലഭിക്കുന്നത്. കൂടാതെ, നികതി നിർണ്ണയിച്ച് നൽകിയ ആകെ വിസ്തീർണ്ണം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിനേക്കാൾ കുറവായതിനാൽ ഗ്രാമപഞ്ചായത്തിന് നികുതിയിനത്തിൽ വളരെ നഷ്ടം സംഭവിക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു :-

| ക്രമ നം | പേര് വിലാസം പുതിയ കെട്ടിട നം. | ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം ഉള്ള വിസ്തീർണ്ണം ച മീ | അടവാക്കിയ നികുതി | നികുതി നിർണ്ണയിച്ചത് | യഥാർത്ഥത്തിൽ അടവാക്കേ ണ്ട നികുതി | നിർണ്ണയിച്ചതിൽ കുറവ് |
|---|---|---|---|---|---|---|
| 1 | സൈനുദ്ധിൻ എം മേപ്പൊയിൽ വീട് കിഴക്കോത്ത് 3/64Z-& A1-A3 | 129.19 | ച മീ 50 രൂപ നിരക്കിൽ +20% വർദ്ധനവും | 7752 | 129.19x 60= 7752+ 20% വർദ്ധനവും- 1550= 9302 | 1550 |
| 2 | ചെമ്പറ്റമ്മൽ ഗഫൂർ ചുണ്ടപ്പുറം മാനിപുരം 11/625 A-C | 147.4 | ച മീ 50 രൂപ നിരക്കിൽ +20% വർദ്ധനവും | 8825 | 147.4x60= 8844+ 20% വർദ്ധനവും-1769= 10613 | 1769 |
| 3 | ഒ കെ മുഹമ്മദ് അഷ്റഫ്, ഇളവൻ ചാലിൽ കൊടുവള്ളി 3/60 G- Z | 369.86 | ച മീ 50 രൂപ നിരക്കിൽ +20% വർദ്ധനവും | 20157 | 369.86x 60= 22192+20% വർദ്ധനവും-4438= 26630 | 6473 |
| 4 | ഷാഹുൽ ഹമീദ് പുത്തൻ വീട്ടിൽ- 4/190 A | 210.00 | ച മീ 50 രൂപ നിരക്കിൽ +20% വർദ്ധനവും | 13965 | 210x60= 12600 + 20% വർദ്ധനവും-2520= 15120 | 1155 |
| 5 | ഫൈസൽ & ഫൗസിയ കാരാട്ട് കൊടുവള്ളി | 208.3 | ച മീ 50 രൂപ നിരക്കിൽ +20% വർദ്ധനവും,10% ഇളവും | 9420 | 208.3x60= 12498+ +20% വർദ്ധനവും,10% ഇളവും 13748 | 4320 |
| 6 | ഉസ്സൈൻ ഹാജി S/o മൊയ്തു ഹാജി വടക്കേക്കര, നരിക്കുനി 3/85 G- U | 363.06 | ച മീ 50 രൂപ നിരക്കിൽ- ഇളവ് 5% | 16917 | 363.06x60= 21784- 5% ഇളവ് -1089= 20695 | 3778 |
| 7 | എം മാധവൻ നമ്പൂതിരി, എം ദേവകി നമ്പൂതിരി മക്കാട്ട് ഇല്ലം, മാനിപുരം 9/245 A1- Q1 | 759.78 ച മീ | 38866 | 37763 | 759.78x60= 45587+ +20% വർദ്ധനവും,10% ഇളവും- (+9117-4559) = 50145 | 12,382 |

| | | | | | | |
|---|---|---|---|---|---|---|
| | 200 ച മീ ന് മുകളിൽ ഉള്ള ഷോപ്പിംഗ് മാളുകൾക്ക് 80 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. ഇവിടെ കെട്ടിടം ഏത് തരം ആണെന്ന് വ്യക്തമാക്കിയിട്ടില്ല. | | | | | |
| 8 | അബ്ദുൽ റസാഖ്, ആയിഷ, കക്കാടം ചാലിൽ വീട് മാനിപുരം | 132 ച മീ | | 3426 | 132x60= 7920 | 4494 |
| | ആകെ കുറവ് വന്ന തുക | | | | | 35921 |

2012- 13 വർഷത്തിൽ നിജപ്പെടുത്തിയ നികുതിയാണ് മുകളിൽ കൊടുത്തത്.ആ വർഷം മുതൽ 2016- 17 വർഷം വരെ ഇങ്ങനെ നഷ്ടപ്പെട്ട തുക പരിശോധിക്കേണ്ടതാണ്. വാണിജ്യകെട്ടിടങ്ങൾക്ക് തറ വിസ്തൃതി വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ നിരക്കിലും, ആകെ വിസ്തീർണ്ണത്തിലും, കുറവ് വരുന്നതിനാൽ ചില കെട്ടിടങ്ങൾക്ക് യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട പകുതി പോലും നിർണ്ണയിച്ചതായി കാണുന്നില്ല. ഇതുമൂലം ഗ്രാമപഞ്ചായത്തിന് വൻ തോതിലുള്ള നികുതി ചോർച്ചയാണ് ഉണ്ടായത്. ഇത്തരത്തിൽ നഷ്ടപ്പെട്ട തുകയായ 35921 രൂപ വസ്തുനികുതി യിനത്തിലും, ലൈബ്രറി സെസ്സ് ഇനത്തിൽ 1796 രൂപയും 2016- 17 വർഷത്തിൽ മാത്രം നഷ്ടപ്പെട്ടിട്ടുണ്ട്. നഗരസഭ ആയപ്പോൾ ഉണ്ടായ വർദ്ധനവ് പരിഗണിച്ചിട്ടില്ല. ഇതുകൂടി കണക്കാക്കിയാൽ വൻ തുകയാണ് വസ്തുനികുതി യിനത്തിൽ നഗരസഭയ്ക്ക് നഷ്ടപ്പെട്ടത്. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 പുതിയ കെട്ടിടത്തിന് കാലപ്പഴക്കത്തിന് നികുതിയിളവ് നൽകി

2012- 13 വർഷത്തിൽ നിർമ്മിച്ച കെട്ടിടത്തിന് 10 വർഷം മുതൽ 25 വർഷം വരെ പഴക്കമുള്ള കെട്ടിടത്തിന് നൽകുന്ന 10% നികുതിയിളവ് നൽകുക വഴി വസ്തുനികുതി നിർണ്ണയത്തിൽ കുറവ് വന്നു. വിശദാംശം ചുവടെ :-

| അപേക്ഷാ ക്രമ നം | വാർഡ്, വീട്ട് നം | പേര് വിലാസം | നികുതി നിർണ്ണയിച്ച വർഷം- തിയ്യതി | കെട്ടിടത്തിന്റ വിസ്തീർണ്ണം- ച. മീറ്ററിൽ | ഈടാക്കിയ നികുതി | സഞ്ചയ പ്രകാരം പുതുക്കി ഈടാക്കിയ നികുതി | യഥാർത്ഥ ത്തിൽ ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|---|---|
| 662 | 8/225C | അബ്ദുല്ലക്കുട്ടിഹാജി S/o മോയിൻകുട്ടി കോളി കെട്ടിക്കുന്നമ്മൽ വീട് കളരാന്തിരി, മാനിപുരം | 2012-13 1.10.2012 | 42.14 | 15x50= 750-300 (20% മേഖല കിഴിവ് +10% കാലപ്പഴക്കം+ 10%വഴി) | 2 റൂം ആക്കി 750-300= (450+LC 23)x2= 900+LC 46 | 42.14x70= 2950- 30% കിഴിവ്-885 =2065+LC 103 |

ഈടാക്കേണ്ട നികുതി = 2065+LC 103രൂപയാണ്. എന്നാൽ സഞ്ചയയിൽ വസ്തുനികുതി പരിഷ്കരിച്ച ഫോറത്തിൽ ഇതിനു പുറമേ 10 വർഷം മുതൽ 25 വർഷം വരെ പഴക്കമുള്ള കെട്ടിടത്തിന് നൽകുന്ന 10% നികുതിയിളവ് നൽകിയിട്ടുണ്ട്. ഈടാക്കിയതിൽ കുറവ് വന്ന നികുതി 2065+LC 103- 900+LC 46= 1165+ LC 58രൂപയാണ്.

കൂടാതെ 42.14 ച മീ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന് സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത് കേവലം 30 ച മീ വിസ്തീർണ്ണം എന്നാണ്. (2x15 = 30) ഇത് കേവലം ഡാറ്റാ എൻട്രി നടത്തിയതിൽ വന്ന തെറ്റല്ല. നികുതി കുറച്ച് കൊടുക്കുക എന്ന ഉദ്ദേശത്തോടെ ചെയ്തതാണ് ഇത്. ഇതിനാലാണ് പുതിയ കെട്ടിടത്തിനും കാലപ്പഴക്കത്തിന് നൽകുന്ന 10 % ഇളവ് നൽകിയത്.

ഇതുമൂലം ഗ്രാമപഞ്ചായത്തിന് നികകുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷം കൊണ്ട് നഗരസഭക്ക് നഷ്ടപ്പെട്ടത് വസ്തുനികുതിയിനത്തിൽ 5825 രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 290 രൂപയും ആണ്. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് ഹാജരാക്കത്തതിനാൽ ഉത്തരവാദിയായ ക്ലാർക്കിന് നിർണ്ണയിക്കാൻ കഴിഞ്ഞില്ല. അതിനാൽ സെക്രട്ടറിയിൽ ബാധ്യത ചുമത്തുന്നു.

## 2-6 മുഴുവൻ കെട്ടിടങ്ങൾക്കും സഞ്ചയയിൽ നികുതി ഡിമാന്റ് ചെയ്തില്ല.

ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം കെട്ടിട നമ്പർ നൽകിയ കെട്ടിടം സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയിട്ടില്ല. അതിനാൽ ഈ കെട്ടിടം ഭാവിയിൽ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നതാണ്.

| കെട്ടിടം നം | ഉടമയുടെ പേര് വിലാസം | വിസ്തീർണ്ണം | ഈടാക്കിയ നികുതി | വർഷം | ചുമത്തേണ്ട നികുതി |
|---|---|---|---|---|---|
| 2/137G1 | റഷാ മുഹമ്മദ്, ഹിബ മുഹമ്മദ്, ഫിദ മുഹമ്മദ് മലയിൽ പറമ്പിൽ ഉണ്ണികുളം പൂനൂർ | 36.09 ച മീ | 1089 | 2012-13 | 36.09x50= 1804.50 (ഇളവ് വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല.) |
| | ഇതേ ഉടമയുടെ 2/137G2നം കെട്ടിടത്തിന്റെ നികുതി ഡിമാന്റ് ചെയ്തിട്ടുമുണ്ട്. അതിനാൽ ഡാറ്റാ എൻട്രി ചെയ്യാത്ത ഈ കെട്ടിടത്തിന് ഒരിയ്ക്കലും നികുതി അടവാക്കപ്പെടുന്നില്ല. | | | | |
| 11/469B-F | കെ വി മുഹമ്മദ് അഷ്റഫ്, S/o മോയിൻകുട്ടി ഹാജി നൊച്ചിക്കാട്ട് വീട് കരുവൻപൊയിൽ | 119.56 | 5382 | 2012-13 | 119.56x60= 7174 (ഇളവ് വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല.) |
| | ശ്രീ കെ വി മുഹമ്മദ് അഷ്റഫിന്റെ കെട്ടിടത്തിന്റെ 11/469A നം ന് നികുതി 1153 രൂപ (പഴയ നികുതി- 922 രൂപ) നിർണ്ണയിച്ചിട്ടുണ്ട്. | | | | |
| 7/297J | മുഹമ്മദ് കെ പി മാട്ടുപൊയിൽ വീട് - വാവാട് പി ഒ | 36.75 | 1792 | 2012-13 | 36.75x50= 1837.50 |
| | 297 K-Q വരെയുള്ള കെട്ടിടങ്ങൾക്ക് സഞ്ചയയിൽ എൻട്രി വരുത്തിയിട്ടുണ്ട്. | | | | |
| | ആകെ നികുതി | | | | 10,817 + LC 541 |

2012- 13 വർഷം മുതൽ ഈ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തപ്പെടാത്തതിനാൽ ഇവരിൽ നിന്ന് നികുതി ഡിമാന്റ് ചെയ്യപ്പെടുകയോ, നികുതി അടവാക്കിയിട്ടില്ലെങ്കിൽ കുടിശ്ശിക കാണിക്കുകയോ ചെയ്തില്ല. ഈ കെട്ടിടങ്ങൾക്കൊന്നും, 2016- 17 വർഷത്തിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ഈ വർഷത്തെ മാത്രം നികുതി 10817 രൂപയും ലൈബ്രറി സെസ്സ് 541രൂപയുമാണ്. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതുവരെ അടവാക്കിയിട്ടില്ലാത്ത കുടിശ്ശികയും അതിന്റെ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.സഞ്ചയയിൽ ബേസ് ഡാറ്റാ എൻട്രി നടത്താതെയും നികുതി പരിഷ്കരിക്കാത്തതിനും അത് പിരിക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

## 2-7 ഇൻഡസ്ട്രിയൽ ഷെഡ്ഡിന് പാർപ്പിടത്തിന്റെ നിരക്ക് അനുവദിച്ചു.

2012- 13 വർഷത്തെ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററിൽ ഇൻഡസ്ട്രിയൽ ഷെഡ്ഡ് ആണെന്ന് കാണിച്ചിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിച്ചത് പാർപ്പിടത്തിന്റെ നിരക്കാണ്. വിശദാംശം ചുവടെ :-

| കെട്ടിട ഉടമയുടെ പേര്, കെട്ടിടം നം. | വിസ്തീർണ്ണം ഇനം ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| പാത്തുമ്മ ഉമ്മ , W/o മൊയ്തീൻ ഹാജി ടി പി, നൂർ മഹൽ മദ്രസ്സാ ബസ്സാർ I/134 C | 105.45 ച മീ ഇൻഡസ്ട്രിയൽ ഷെഡ്ഡ് | 1106 | 105.45x60= 6327 | 5221 |

2012-13 വർഷം മുതൽ ഈ കെട്ടിടത്തിന് 1106 രൂപ വസ്തുനികുതിയും 5% ലൈബ്രറി സെസ്സും ആണ് ഈടാക്കിയത്. യഥാർത്ഥത്തിൽ 2012-13 വർഷം മുതൽ 2016-17 വർഷം വരെ 5 വർഷത്തെ നികുതി കുടിശ്ശികയും ഇതിന്റെ ലൈബ്രറി സെസ്സും ഈടാക്കേണ്ടതാണ്. ഇത്(5221x5=26105) 26105 രൂപ വസ്തുനികുതിയും, 1305 രൂപ ലൈബ്രറി സെസ്സും ഉത്തരവാദിയായവരിൽ നിന്നും പിഴ പലിശ ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## 2-8 വസ്തുനികുതി നിർണ്ണയത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയത്തിനും, ഇതുമായി ബന്ധപ്പെട്ട മറ്റ് ജോലികൾക്കും ഐ കെ എം ന്റെ സഞ്ചയ സോഫ്റ്റ് വെയർ ആണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിലെ അപാകതകൾ കാരണം വസ്തുനികുതി നിർണ്ണയത്തിലും മാറ്റം ഉണ്ടാകുന്നുണ്ട്. വിശദാംശം ചുവടെ :-

1) ഡാറ്റാ എന്ട്രി നടത്തുമ്പോൾ 100 ച മീ കൂടുതൽ ഉള്ള കെട്ടിടം ആണെന്ന് രേഖപ്പെടുത്തിയാലും, വസ്തുനികുതി നിർണ്ണയത്തിൽ 100 ച മീ കൂടുതൽ ഉള്ള നിരക്ക് വരുന്നില്ല. കൂടാതെ, പിന്നെ ഏത് നിരക്കാണോ (കുറഞ്ഞ നിരക്ക്)കാണിക്കുന്നത് അത് തന്നെയാണ് അവിടെ വരുന്നത്. ഇക്കാരണത്താൽ നികുതി സോഫ്റ്റ് വെയർ കൃത്യമായി കണക്കാക്കാതെ, ഡാറ്റാ എൻട്രി നടത്തുന്ന ആൾക്ക് തെറ്റ് പറ്റിയാൽ അത് വസ്തുനികുതി നിർണ്ണയത്തിൽ പ്രതിഫലിക്കുന്നു.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും.. സർചാർജ്ജും ചട്ടങ്ങൾ 9 ( 5) പ്രകാരം വാണിജ്യാവശ്യത്തിനോ, ഓഫീസ് ആവശ്യത്തിനോ ഉപയോഗിക്കുന്ന ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഒന്നാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 5%, രണ്ടാം നിലയ്ക്ക് 10 % അങ്ങനെ കുറവ്

വരുത്താവുന്നതാണ്. എന്നാൽ സഞ്ചയയിൽ ഇതേ നിരക്ക് 6%, 12% എന്നിങ്ങനെയാണ് വരുത്തിയത്.

3) പുതിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ കാലപ്പഴക്കം ബാധകമല്ല. എന്നാൽ ഇവിടെ ചില കെട്ടിടങ്ങൾക്ക് 25 വർഷത്തിന് മുകളിൽ പഴക്കമുള്ളതിന് നൽകുന്ന 20 % ഇളവ് നൽകിയിട്ടുണ്ട്. സോഫ്റ്റ് വെയറിൽ പുതിയത് എന്ന് കാണിച്ചാൽ കാലപ്പഴക്കം വരാൻ പാടില്ല. ഇത് ഈ സോഫ്റ്റ് വെയറിന്റെ ഒരു അപാകത ആണ്.

4) അപ്ഡേഷൻ വരുമ്പോൾ ഡിമാന്റ് സ്വമേധയാ മാറുന്നു. ഇത് വാർഷിക ധനകാര്യ പത്രികയിൽ മാറ്റം ഉണ്ടാക്കുന്നു.

5) സഞ്ചയ സാംഖ്യയുമായി ഓട്ടോമാറ്റിക് ഇന്റഗ്രേഷൻ നടന്നതായി കാണുന്നില്ല.

6) ചില നികുതി ദായകർ നികുതി അടവാക്കിയിട്ടും അടവാക്കാൻ ബാക്കിയുള്ളവരുടെ ഗണത്തിൽ പെടുത്തുന്നു. ഇതുമൂലം കുടിശ്ശിക കൃത്യമായി കാണാൻ കഴിയുന്നില്ല.

7) വാണിജ്യ കെട്ടിടങ്ങൾക്ക് ഉള്ള നിരക്ക് വെച്ച് ഡാറ്റാ എൻട്രി നടത്തിയാലും, നികുതി കണക്കാക്കുമ്പോൾ ഓട്ടോമാറ്റിക് ആയി നിരക്ക് വരാതെ ഡാറ്റാ എൻട്രി നടത്തുന്ന ആൾ നൽകുന്ന നികുതി വരുന്നു. ഇത് ക്രമക്കേട് നടത്താൻ കഴിയുന്ന അവസ്ഥയാണ്.

മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഓഫീസ് കെട്ടിടത്തിന് കുറഞ്ഞ നികുതി നിരക്ക് ഈടാക്കി

2012- 13 വർഷത്തെ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററിൽ ഓഫീസ് കെട്ടിടം ആണെന്ന് കാണിച്ചിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിച്ചത് പാർപ്പിടത്തിന്റെ നിരക്കാണ്. സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയപ്പോൾ കൂടിയ നിരക്ക് കണക്കാക്കിയെങ്കിലും നികുതി നിർണ്ണയിച്ചപ്പോൾ വളരെ കുറഞ്ഞ നിരക്കാണ്. വിശദാംശം ചുവടെ :-

| കെട്ടിട ഉടമയുടെ പേര്, കെട്ടിടം നം. | വിസ്തീർണ്ണം ഇനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| സക്കറിയ്യ പൂങ്കുടി, എം ഡി.- അമൃത മോട്ടോഴ്സ്, ഇടപ്പള്ളി കൊച്ചിൻ<br>I/44 C | 108.78 ച മീ<br>ഓഫീസ് കെട്ടിടം Permit no. BL 136/12 | 1416 | 108.78x40= 4351 (ഓഫീസ് കെട്ടിടത്തിന്റെ നിരക്ക് ച മീ ന് 40 രൂപയാണ് ) | 2935 |

സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത് കെട്ടിടം വാണിജ്യ ആവശ്യമാണെന്നും 200 ച മീ വിസ്തീർണ്ണവും 80 രൂപ നിരക്കിൽ 16000 രൂപ കാണിച്ചിട്ടുണ്ടെങ്കിലും ഈടാക്കിയ നികുതി 1416 രൂപ മാത്രമാണ്. എന്നാൽ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഈ കെട്ടിടത്തിന് 108.78 ച മീ വിസ്തീർണ്ണമാണെന്നാണ്.ഈ വിസ്തീർണ്ണം കണക്കിലെടുത്താൽ തന്നെ, ഇതു മൂലം വർഷത്തിൽ 2935 രൂപ നിരക്കിൽ 5 വർഷത്തേക്ക് (2012- 13 മുതൽ 2016-17 വരെ) 14675 രൂപയും, ലൈബ്രറി സെസ്സ് ഇനത്തിൽ 734 രൂപയും പിഴപ്പലിശയിനത്തിൽ ലഭിക്കേണ്ട തുകയും നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-10 ഡി &ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

നഗരസഭയിലെ 2016-17 വർഷത്തെ ഡി &ഓ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. 2011 ലെ മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തേയും സുതാര്യമായ മാനദണ്ഡപ്രകാരം 'എ','ബി','സി' എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് 6ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1ഉം 2ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനുവിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുമാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ ലൈസൻസ് ഫീസ് നിശ്ചയിച്ചു കൊണ്ട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല. ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ചട്ടപ്രകാരമുള്ള കുറഞ്ഞ നിരക്ക് ഈടാക്കേണ്ടതാണെങ്കിലും താഴെ പറയുന്ന അപേക്ഷകരിൽ നിന്ന് ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് / കെട്ടിടനം. | വ്യാപാരത്തിന്റെ ആവശ്യം | ഈടാക്കിയ ഫീസ്, രസീത് നം/തീയതി | ചട്ടപ്രകാരം ഈടാക്കേണ്ട ഫീസ് (കുറഞ്ഞ നിരക്ക്) | കുറവ് |
|---|---|---|---|---|---|---|
| 1 | 207/16-17 | സമീർ.ആർ.സി, 3/1120A,B | ബേക്കറി | 400<br>2506/26/25.2.16 | 1000 | 600 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 210/16-17 | പി.കെ.അബ്ദുൾ മജീദ്,9/535L,M,N | ബേക്കറി | 300<br>2509/26/25.2.16 | 1000 | 700 |
| 3 | 733/16-17 | അബ്ദുറഹിമാൻ.എ.പി, 19/134സി,ഡി | ബേക്കറി | 500<br>11601104514/29.8.16 | 1000 | 500 |
| 4 | 249/16-17 | രാജൻ.കെ, 9/456 | ബേക്കറി | 500<br>2553/26/26.2.16 | 1000 | 500 |
| 5 | 257/16-17 | കെ.കെ. അബ്ദുറഹിമാൻ, 10/313 | ബേക്കറി | 500<br>2560/26/26.2.16 | 1000 | 500 |
| 6 | 262/16-17 | എം.പി.മുരളീധരൻ, 3/361 | ബേക്കറി | 500<br>2565/26/26.2.16 | 1000 | 500 |
| 7 | 280/16-17 | മുഹമ്മദ് അബ്ദുൾ മജീദ്, 3/710E | ജ്വല്ലറി | 400<br>2584/26/26.2.16 | 1000 | 600 |
| 8 | 315/16-17 | അബ്ദുൾ ഗഫൂർ.എം, 8/271A | സൂപ്പർമാർക്കറ്റ് | 300<br>2618/27/26.2.16 | 2000 | 1700 |
| 9 | 318/16-17 | ഷൈജൽ, 3/1133c | ബേക്കറി | 500<br>2621/27/26.2.16 | 1000 | 500 |
| 10 | 348/16-17 | ശിവരാജൻ.കെ.കെ, 3/90 | ജ്വല്ലറി | 250<br>2653/27/26.2.16 | 1000 | 750 |
| 11 | 376/16-17 | ജാഫർ.പി, 3/392 | ജ്വല്ലറി | 300<br>2682/27/29.2.16 | 1000 | 700 |
| 12 | 375/16-17 | ബിന്ദു.പി, 3/764 | ജ്വല്ലറി | 300<br>2681/27/29.2.16 | 1000 | 700 |
| 13 | 372/16-17 | ഉസ്സയിൻകുട്ടി.കെ.പി, 19/1573 | ജ്വല്ലറി | 300<br>2678/27/29.2.16 | 1000 | 700 |
| 14 | 371/16-17 | മുനീർ, പാത്തോലത്ത്, 19/1572 | ജ്വല്ലറി | 300<br>2677/27/29.2.16 | 1000 | 700 |
| 15 | 370/16-17 | ഒ.കെ. ഇമ്പിച്ചിക്കോയക്കുട്ടി, 3/698 | ജ്വല്ലറി | 300 | 1000 | 700 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 2676/16/29.2.16 | | |
| 16 | 382/16-17 | പി.വി. പരിയേയിക്കുട്ടി, 19/1530 | ജ്വല്ലറി | 300<br>2687/27/29.2.16 | 1000 | 700 |
| 17 | 381/16-17 | മുഹമ്മദ്.കെ, 3/1529 | ജ്വല്ലറി | 300<br>2688/27/29.2.17 | 1000 | 700 |
| 18 | 379/16-17 | ഇബ്രാഹിം കുട്ടി, 3/710j | ജ്വല്ലറി | 300<br>2685/27/29.2.16 | 1000 | 700 |
| 19 | 378/16-17 | ടി.കെ.അബ്ദുൾ ഖാദർ, 3/797 | ജ്വല്ലറി | 300<br>2684/27/29.2.16 | 1000 | 700 |
| 20 | 386/16-17 | വി.ആർ.ബൈജു, 3/111,112 | ജ്വല്ലറി | 300<br>2692/27/29.2.16 | 1000 | 700 |
| 21 | 392/16-17 | ഇ.സി.അഷ്റഫ്, 18/847 | ജ്വല്ലറി | 300<br>2698/27/29.2.16 | 1000 | 700 |
| 22 | 391/16-17 | സാദിഖ്.ആർ.സി, 3/84d | ജ്വല്ലറി | 300<br>2697/16/29.2.16 | 1000 | 700 |
| 23 | 390/16-17 | അബ്ദുൾ റഷീദ്, 3/1089 | ജ്വല്ലറി | 300<br>2696/27/29.2.16 | 1000 | 700 |
| 24 | 389/16-17 | ബിന്ദു.കെ, 19/747f | ജ്വല്ലറി | 300<br>2695/27/29.2.16 | 1000 | 700 |
| 25 | 399/16-17 | മുഹമ്മദ്.വി, 3/711 | ജ്വല്ലറി | 300<br>2706/27/29.2.16 | 1000 | 700 |
| 26 | 398/16-17 | അബൂബക്കർ.കെ, 3/1033 | ജ്വല്ലറി | 300<br>2704/27/29.2.16 | 1000 | 700 |
| 27 | 397/16-17 | മുഹമ്മദ് നിസാർ.വി, 19/830 | ജ്വല്ലറി | 300<br>2703/27/29.2.16 | 1000 | 700 |
| 28 | 396/16-17 | അബ്ദുൾ റസാഖ്, | ജ്വല്ലറി | 300<br>2702/27/29.2.16 | 1000 | 700 |
| 29 | 395/16-17 | അബ്ദുൾ മജീദ്.സി.പി, 3/863 | ജ്വല്ലറി | 300 | 1000 | 700 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 2701/27/29.2.16 | | |
| 30 | 394/16-17 | ഇബ്രാഹിം.കെ.പി, 3/650A,B | ജ്വല്ലറി | 300<br>2700/27/29.2.16 | 1000 | 700 |
| 31 | 400/16-17 | മുഹമ്മദ്.പി, 19/1527 | ജ്വല്ലറി | 300<br>2706/27/29.2.16 | 1000 | 700 |
| 32 | 106/16-17 | ഖാലിദ്.ടി.ടി, 3/165,166 | സൂപ്പർ മാർക്കറ്റ് | 250<br>2402/25/25.2.16 | 2000 | 1750 |
| 33 | 158/16-17 | വി.അബൂബക്കർ, 3/356 | ബേക്കറി | 300<br>2454/25/25.2.16 | 1000 | 700 |
| 34 | 159/16-17 | അബ്ദുൾ മജീദ്, 3/661,662,663 | സൂപ്പർമാർക്കറ്റ് | 300<br>2455/27/29.2.16 | 2000 | 1700 |
| 35 | 161/16-17 | ആർ.സി.ഇബ്രാഹിം, 19/512 | ബേക്കറി | 300<br>2457/25/25.2.16 | 1000 | 700 |
| 36 | 165/16-17 | മോഹനൻ.കെ.കെ, | ജ്വല്ലറി | 300<br>2461/25/25.2.16 | 1000 | 700 |
| 37 | 187/16-17 | നിസാർ.എം.കെ, 3/948 | ബേക്കറി | 400<br>2485/25/25.2.16 | 1000 | 600 |
| 38 | 193/16-17 | ആലിക്കോയ, 3/339A,B | ബേക്കറി | 400<br>2491/25/25.2.16 | 1000 | 600 |
| 39 | 198/16-17 | അബ്ദുൾ മുനീർ, 10/303A | ബേക്കറി | 400<br>2497/25/25.2.16 | 1000 | 600 |
| 40 | 451/16-17 | അബ്ദുൾ റസാഖ്, 3/785 | ജ്വല്ലറി | 300<br>11501100463/29.2.16 | 1000 | 700 |
| 41 | 452/16-17 | മുഹമ്മദ് അഷ്റഫ്.ഒ.കെ, 19/948 | ജ്വല്ലറി | 300<br>11501100462/29.2.16 | 1000 | 700 |
| 42 | 453/16-17 | മുഹമ്മദ് അഷ്റഫ്.ഒ.കെ, 19/94E | ജ്വല്ലറി | 300<br>11501100458/29.2.16 | 1000 | 700 |
| 43 | 468/16-17 | രാജൻ.പി,4/111c | ബേക്കറി | 300 | 1000 | 700 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 11601100025/12.4.16 | | |
| 44 | 497/16-17 | ശിശിർമൈത്രി, 3/13 | ജ്വല്ലറി | 200<br>11601100371/16.4.16 | 1000 | 800 |
| 45 | 404/16-17 | പ്രമോദ്.ഇ, 3/803 | ജ്വല്ലറി | 300<br>2711/28/29.2.16 | 1000 | 700 |
| 46 | 402/16-17 | കുഞ്ഞാലി, 19/1499 | ജ്വല്ലറി | 300<br>2708/28/29.2.16 | 1000 | 700 |
| 47 | 417/16-17 | ജാഫർ സാദിഖ്.പി.കെ, 14/250 | ജ്വല്ലറി | 300<br>2724/28/29.2.16 | 1000 | 700 |
| 48 | 416/16-17 | ഫൈസൽ.എം, 3/105A,J | ജ്വല്ലറി | 300<br>2722/28/29.2.16 | 1000 | 700 |
| 49 | 413/16-17 | അസ്സയിൻകുട്ടി, 3/784 | ജ്വല്ലറി | 300<br>2718/28/29.2.16 | 1000 | 700 |
| 50 | 410/16-17 | മൊയ്തീൻ, 3/119 | ജ്വല്ലറി | 300<br>2717/28/29.2.16 | 1000 | 700 |
| 51 | 407/16-17 | ഫിറോസ് ബാബു, 3/700 | ജ്വല്ലറി | 300<br>2714/28/29.2.16 | 1000 | 700 |
| 52 | 406/16-17 | വി.യൂനസ്,3/737 | ജ്വല്ലറി | 300<br>2713/28/29.2.16 | 1000 | 700 |
| 53 | 431/16-17 | ഇ.കെ.ഷബീറ, 3/93W | ജ്വല്ലറി | 300<br>2738/28/29.2.16 | 1000 | 700 |
| 54 | 430/16-17 | കെ.സി.സിദ്ധിഖ്, 3/765 | ജ്വല്ലറി | 300<br>2837/28/29.2.16 | 1000 | 700 |
| 55 | 429/16-17 | നൗഷാദ്അലി.കെ, 429/16-17 | ജ്വല്ലറി | 300<br>2736/28/29.2.16 | 1000 | 700 |
| 56 | 427/16-17 | അബ്ദുൾ അസീസ്.പി.പി, 3/814 | ജ്വല്ലറി | 300<br>2734/28/29.2.16 | 1000 | 700 |

| | | | | | | |
|---|---|---|---|---|---|---|
| 57 | 426/16-17 | സോമൻ.എ.സി, 3/801 | ജ്വല്ലറി | 300<br>2733/28/29.2.16 | 1000 | 700 |
| 58 | 425/16-17 | മൂസ്സ.എൻ, 12/43D | ബേക്കറി | 300<br>2732/28/29.2.16 | 1000 | 700 |
| 59 | 422/16-17 | ഷമേജ് കുമാർ, 3/1000 | ജ്വല്ലറി | 300<br>2729/28/29.2.16 | 1000 | 700 |
| 60 | 421/16-17 | നാസർ, 3/748 | ജ്വല്ലറി | 300<br>2728/28/29.2.16 | 1000 | 700 |
| 61 | 420/16-17 | എം.പി.സൈനുദ്ദീൻ, | ജ്വല്ലറി | 300<br>2727/28/29.2.16 | 1000 | 700 |
| 62 | 419/16-17 | എൻ.സി.മുഹമ്മദ്, 3/102 | ജ്വല്ലറി | 300<br>2726/28/29.2.16 | 1000 | 700 |
| 63 | 448/16-17 | കെ.മോഹനൻ, 19/1670 | ജ്വല്ലറി | 300<br>2805/29/29.2.16 | 1000 | 700 |
| 64 | 98/16-17 | റിയാസ് അലി.എം.എസ്, 5/325A,B,C,D,E | ഹാർഡ് വെയർ & സാനിറ്ററി വെയർ | 300<br>11501100049/19.2.16 | 1500 | 1200 |
| 65 | 73/16-17 | എം.ഇബ്രാഹിം, 7/569 | ബേക്കറി | 250<br>1589/16/25.2.16 | 1000 | 700 |
| 66 | 65/16-17 | കമറുൽ സലാം, 3/146 | ബേക്കറി | 250<br>1581/16/25.2.16 | 1000 | 700 |
| 67 | 704/16-17 | മുർഷിദുൽ അമീൻ, 3/388 | ജ്വല്ലറി | 300<br>11601103844/10.8.16 | 1000 | 700 |
| 68 | 706/16-17 | ഫൈസൽ കാരാട്ട്, 3/810 | ജ്വല്ലറി | 300<br>11601103878/11.8.16 | 1000 | 700 |
| 69 | 757/16-17 | കെ.വി.മൂസ്സ,19/922j | ജ്വല്ലറി | 300<br>11601105125/19.9.16 | 1000 | 700 |
| 70 | 758/16-17 | കാദർ.യു.കെ, 19/129 ജെ | ജ്വല്ലറി | 300<br>11601105123/19.9.16 | 1000 | 700 |

| | | | | | | |
|---|---|---|---|---|---|---|
| 71 | 763/16-17 | മുഹമ്മദ് ഷരീഫ്, 19/1206 | ജ്വല്ലറി | 300<br>11601105410/27.9.16 | 1000 | 700 |
| 72 | 790/16-17 | മുഹമ്മദ് അഫ്താബ്, 19/93എ2 | ജ്വല്ലറി | 350<br>11601106903/2.11.16 | 1000 | 650 |
| 73 | 806/16-17 | അബ്ദുൾ അസീസ്, 3/798 | ജ്വല്ലറി | 300<br>11601107347/16.11.16 | 1000 | 700 |
| 74 | 822/16-17 | അബ്ദുൾ ജലീൽ.എ.കെ, 19/880ഇ | ജ്വല്ലറി | 300 | 1000 | 700 |
| 75 | 859/16-17 | പി.മുഹമ്മദ് അലി, 13/320എ | ബേക്കറി | 300<br>11601104066/11.1.17 | 1000 | 700 |
| 76 | 879/16-17 | അബ്ദുൾ ഗഫൂർ.ആർ.സി, 3/710എ | ജ്വല്ലറി | 300<br>11601109439/23.1.17 | 1000 | 700 |
| 77 | 632/16-17 | ബൈജു.ടി, 3/766 | ജ്വല്ലറി | 200<br>11601102296/23.6.16 | 1000 | 800 |
| 78 | 636/16-17 | സുരേന്ദ്രൻ, 7/170ബി | ബേക്കറി | 300<br>11601102336/24.6.16 | 1000 | 700 |
| 79 | 637/16-17 | ഹംസ.സി.കെ, 637/16-17 | ബേക്കറി | 50011601102413/27.6.16 | 1000 | 700 |
| 80 | 652/16-17 | മൊയ്തീൻ കോയ, 8/273പി | കല്യാണമണ്ഡപം | 2000<br>11601102653/15.7.16 | 4000 | 2000 |
| 81 | 653/16-17 | അബ്ദുറസാഖ്.പി, 3/796 | ജ്വല്ലറി | 300<br>11601102925/15.7.16 | 1000 | 700 |
| 82 | 655/16-17 | യൂനസ്.വി, 19/640യു | ജ്വല്ലറി | 300<br>11601103184/20.7.16 | 1000 | 700 |
| 83 | 657/16-17 | ബിജു.കെ, 3/74 | ജ്വല്ലറി | 300<br>11601102942/16.7.16 | 1000 | 700 |
| 84 | 660/16-17 | ബിജു.കെ, 19/777 | ജ്വല്ലറി | 200<br>11601102942/16.7.16 | 1000 | 800 |
| 85 | 673/16-17 | അബ്ദുൾ നാസിർ.കെ.കെ, | ജ്വല്ലറി | 300 | 1000 | 700 |

| | | | | | | |
|---|---|---|---|---|---|---|
| | | 19/1581 | | 11601103109/19.7.16 | | |
| 86 | 501/16-17 | പി.സി.സാജിദ്, 3/883 | ജ്വല്ലറി | 300<br>11601100164/7.4.16 | 1000 | 700 |
| 87 | 510/16-17 | എം.ടി.അബ്ദുൾ സലാം, 151ഇ,എഫ്,ജി,എച്ച്,ഐ,ജെ | ഹാർഡ് വെയർ & സാനിറ്ററി വെയർ | 750<br>11601100419/18.4.16 | 1500 | 750 |
| 88 | 521/16-17 | ഷാഹുൽ ഹമീദ്, 19/1428 | ജ്വല്ലറി | 500<br>11601100662/23.4.16 | 1000 | 500 |
| 89 | 522/16-17 | ശിവദാസൻ.എം.കെ, 21/86ഡി | ബേക്കറി | 600<br>11601100642/22.4.16 | 1000 | 400 |
| 90 | 530/16-17 | ഇബ്രാഹിം കുട്ടി ഹാജി, 10/140എ | ബേക്കറി | 300<br>11601100725/26.4.16 | 1000 | 700 |
| 91 | 536/16-17 | ഫാത്തിമ.കെ.കെ, 3/889 | ജ്വല്ലറി | 300 | 1000 | 700 |
| 92 | 527എ/16-17 | കെ.പി.അഹമ്മദ്, 5/730എ,ബി,സി | ബേക്കറി | 500<br>11601100739/26.4.16 | 1000 | 500 |
| 93 | 705/16-17 | നാസിർ.സി.കെ, 4/46 | ജ്വല്ലറി | 300<br>11601103845/10.8.16 | 1000 | 700 |
| 94 | 726/16-17 | ഖാലിദ്.സി.എം, 19/174ഇ | ജ്വല്ലറി | 300<br>11601104430/26.8.16 | 1000 | 700 |
| 95 | 727/16-17 | അബ്ദുൾ ബഷീർ.പി, 3/320 | ജ്വല്ലറി | 300<br>11601104132/18.8.16 | 1000 | 700 |
| 96 | 729/16-17 | സജീവ്.കെ, 3/93ജെ | ജ്വല്ലറി | 0 | 1000 | 1000 |
| | | | | | | 70500 |

മേൽ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് പട്ടിക 3 പ്രകാരമുള്ള ഫീസ് ചുമത്തേണ്ടതാണ്. എന്നാൽ 2016-17 വർഷം യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ലൈസൻസ് നം | അപേക്ഷകന്റെ പേര്, കെട്ടിട നം. | ആവശ്യം | ഈടാക്കേണ്ട ഫീസ് | | | ഈടാക്കിയ ഫീസ്/ രശീതി നം. | കുറവ് |
|---|---|---|---|---|---|---|---|
| | | | ലൈസൻസ് ഫീസ് | യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് | ആകെ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 526/16-17 | അബ്ദുൾ ലത്തീഫ്.ടി.കെ,8/396 | 128.5 HP മോട്ടോർ ഉപയോഗിച്ച് സ്റ്റോൺ ക്രഷർ നടത്തുന്നതിന് | 1000 | 4500 | 5500 | 4000<br>11601100692/25.4.16 | 1500 |
| 50/16-17 | അഷ്റഫ്.സി.പി, 4/414 | 40 HP മോട്ടോർ ഉപയോഗിച്ച് ഈർച്ചമിൽ നടത്തുന്നതിന് | 500 | 900 | 1400 | 500<br>11601102321/24.6.16 | 900 |
| 93/16-17 | മുഹമ്മദ് ബഷീർ.കെ, 14/136,137 | 137.5 HP മോട്ടോർ ഉപയോഗിച്ച് സ്റ്റോൺ ക്രഷർ നടത്തുന്നതിന് | 1000 | 4500 | 5500 | 2000<br>11501100128/22.2.16 | 3500 |
| | ആകെ | | | | | | 5900 |

ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/11.8.17) മറുപടി സമർപ്പിച്ചിട്ടില്ല. ജോലിവിഭജനരേഖ ഹാജരാക്കാത്തതിനാൽ നഷ്ടതുക 76400രൂപയുടെ നഷ്ടോത്തരവാദിത്വം സെക്രട്ടറിയിൽ ചുമത്തുന്നു.

## 2-11 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ ഫീസ് ഈടാക്കിയതിൽ കുറവുള്ളതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | ഇനം | വിസ്തീർണ്ണം (ച.മി) | ഈടാക്കേണ്ടിയിരുന്ന ഫീസ് (രൂപ) | ഈടാക്കിയ ഫീസ് (രശീതി നം/തിയ്യതി) | വ്യത്യാസം (കുറവ്) |
|---|---|---|---|---|---|---|---|
| 1 | 642 | അബ്ദുൾ റസാഖ്, കൈതക്കര | Residential | 208.65 | 208.65x7 = 1461 | 636<br>(1160110624/22.2.17) | 825 |
| 2 | 670 | എം. രാധാകൃഷ്ണൻ | Residential | 167.73 | 167.73x 7 = 1174 | 505<br>(11601110725/23.2.17) | 669 |
| 3 | 672 | അസ്സയിൻകുട്ടി ഹാജി | commercial | 458.24 | 458.24x 10= 4582 | 2122<br>(11601111294/6.3.17) | 2460 |
| ആകെ | | | | | | | 3954 |

ചട്ടപ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28/11.8.17) മറുപടി സമർപ്പിച്ചിട്ടില്ല. ജോലിവിഭജനരേഖ ഹാജരാക്കാത്തതിനാൽ നഷ്ടതുക3954രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

.

## 2-12 ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ

മുനിസിപ്പാലിറ്റിയിൽ 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 68 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. 2016-17 വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നത് സംബന്ധമായ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഈടാക്കിയില്ല

ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില മുറികളുടെ വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വാടക കുടിശ്ശിക വരുത്തിയവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസവാടക | അടവാക്കാത്ത കാലയളവ് | അടവാക്കേണ്ട വാടക |
|---|---|---|---|---|---|
| 1 | 3/370എ | അബ്ദുൾ ഖാദർ.എം | 17365 | 12/16 – 3/17 | 69460 |
| 2 | 3/370എഫ് | സൈനബ, അപ്പക്കാട്ടിൽ | 2756 | 11/16 – 3/17 | 13780 |
| 3 | 3/694 | എ പി മൂസ | 384 | 12/16 – 3/17 | 1536 |
| 4 | 3/370ടി | ഉസ്സൈൻ.കെ | 1000 | 2/17 – 3/17 | 2000 |
| 5 | 3/370എസ് | ഉസ്സൈൻ.എ.കെ | 1500 | 1/17 – 3/17 | 4500 |
| | | ആകെ | | | 91276 |

വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. വാടകക്കാരുമായി കരാർ ചമച്ചില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുമ്പോൾ കെട്ടിടം ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കരാർ ചമക്കേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ താഴെ പറയുന്ന 9 മുറികളുടെ വാടകക്കാർ മാത്രമാണ് 2016-17ൽ മുനിസിപ്പാലിറ്റിയുമായി കരാർ ചമച്ചത്.

3/370T,3/370A1,3/370S,3/370X,3/370Y,3/370R,3/370F,3/370V,3/370 O

ബാക്കിയുള്ള 59 മുറികൾ കരാർ ചമയ്ക്കാതെയാണ് നിലവിലുള്ള വാടകക്കാർക്ക് പുതുക്കി നൽകിയിട്ടുള്ളത്. വാടകക്കാരുമായി കരാർ ചമയ്ക്കാതെ മുറികൾ ഏൽപിച്ചു നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

3. വാടകയിൽ വർദ്ധനവ് വരുത്താതെ മുറികൾ അനുവദിച്ചു.

വാടകയ്ക്ക് നൽകിയ 3/350, 3/351, 3/352 എന്നീ മുറികൾ പൂട്ടിക്കിടക്കുന്നതിനാൽ 5% വർദ്ധനവ് വരുത്താതെ വാടക മാത്രം ഈടാക്കാൻ 13.4.16ലെ കൗൺസിൽ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്(തീരുമാനം നം.62/16). പൂട്ടിക്കിടക്കുന്നു എന്ന കാരണത്താൽ വാടക കുറച്ച് നൽകുന്നത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-13 കെട്ടിടനിർമ്മാണപെർമിറ്റ് - ഫയൽ ഹാജരാക്കാത്തത് സംബന്ധിച്ച്

2008 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 14 പ്രകാരം ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള ലൈസൻസ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നൽകുവാൻ പാടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.01.2011 ലെ 4545/ആർ.എ.1/11 തസ്വഭവ പ്രകാരം 300 സ്ക്വയർ മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്കല്ലാതെ മറ്റ് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകാൻ പാടില്ല. ഗസറ്റ് വിജ്ഞാപനം, വാല്യം57, നം.595/11/ജി പി-57 തീയതി 24.3.2012 പ്രകാരം വിജ്ഞാപനം ചെയ്ത മുനിസിപ്പാലിറ്റിയിലെ ഡാറ്റാ ബാങ്കിൽ റീ സർവെ നം. 137/10 നെൽവയലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റീസർവെ നമ്പറിൽ ശ്രീ.ഉസ്സൈൻ, കരളാംപൊയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 329.56m2 വിസ്തീർണ്ണത്തിൽ വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് ബി എൽ എ2/5606/10/24.5.10 നമ്പരായി ലൈസൻസ് അനുവദിക്കുകയും ആയത് എ1/15800/16 തീയതി 25.4.16 പ്രകാരം 22.5.19 വരെ പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പെർമിറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/11.8.17) മറുപടി സമർപ്പിച്ചിട്ടില്ല. നെൽവയലിൽ വാണിജ്യകെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതിന് അടിസ്ഥാനമാക്കിയ അനുമതിയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-14 തൊഴിൽ നികുതി അപാകതകൾ

1. നഗരസഭാ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും, കമ്പനികളുടേയും, തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും പേരു വിവരങ്ങളും കച്ചവടത്തിന്റെ തരവും കാണിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
2. 2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 4 പ്രകാരം ഓരോ സ്ഥാപനത്തിലേയും ജീവനക്കാരുടെ അർദ്ധവാർഷിക പത്രികകൾ ആറാം നമ്പർ ഫോറത്തിൽ സത്യപ്രസ്താവന സഹിതം സ്ഥാപന ഉടമ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 2016-`17 വർഷത്തിൽ രണ്ട് അർദ്ധ വർഷത്തെയും സ്ഥാപനങ്ങളുടെയും കച്ചവടക്കാരുടെയും അർദ്ധവാർഷിക വരുമാന പത്രികകൾ വാങ്ങി സൂക്ഷിച്ച് ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.
3. കച്ചവടക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷികമായി ഈടാക്കാതെ മുൻകൂറായി ഈടാക്കുന്നു. വാർഷിക വിറ്റുവരവ് കണക്കിലെടുക്കാതെ മിനിമം തൊഴിൽ നികുതിയാണ് മിക്കവാറും കച്ചവടക്കാരിൽ നിന്നും ഈടാക്കിയത്. ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്താത്തതിനാലും അന്വേഷണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താത്തതിനാലും ഈയിനത്തിൽ നഗരസഭയ്ക്കുണ്ടാവുന്ന നഷ്ടം കണക്കാക്കാൻ സാധ്യമല്ല.
4. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും അർദ്ധവാർഷിക വരുമാനമായി വളരെ കുറഞ്ഞ തുകയാണ് കാണിക്കുന്നത്. സർക്കാർ നിശ്ചയിച്ച കുറഞ്ഞ വേതനം ഇതിലും കൂടുതലാണെന്നിരിക്കെ സാമാന്യ പരിഗണനകളെ അടിസ്ഥാനപ്പെടുത്തി ഉചിതമായ നികുതി നിർണ്ണയിക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരുന്നെങ്കിലും ആയത് പരിശോധിക്കപ്പെട്ടിട്ടില്ല. വിശദാംശം താഴെ പറയുന്നു.

<table>
<tr><th>ക്രമ നം</th><th>ജീവനക്കാരുടെ പേര്/ തസ്തിക</th><th>രജിസ്റ്റർ പ്രകാരം അർദ്ധ വാർഷിക വരുമാനം (രണ്ട് അർദ്ധ വർഷവും)</th><th>രജിസ്റ്ററിൽ കാണിച്ചത് അർദ്ധവാർഷിക വരുമാന മാണെങ്കിൽ പ്രതി മാസ വരുമാനം</th><th>ഈടാക്കിയ നികുതി</th><th>രശീത് നം. തിയ്യതി</th></tr>
<tr><td></td><td colspan="4">കെഎംഒ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ</td><td></td></tr>
<tr><td>1</td><td>ലിസി ജോസ് പ്രിൻസിപ്പൽ</td><td>28800</td><td>4800</td><td>180</td><td rowspan="4">11601103705/ 8.8.16 3960<br>1160111404/ 8.3.17 3960</td></tr>
<tr><td>2</td><td>ജമീല. വി.കെ<br>പിപിടിടിസി</td><td>21600</td><td>3600</td><td>180</td></tr>
<tr><td>3</td><td>മിനി.പി ,HSA</td><td>19800</td><td>3300</td><td>180</td></tr>
<tr><td>4</td><td>ബിന്ദു.കെ.സി HSA</td><td>20400</td><td>3400</td><td>180</td></tr>
<tr><td>5</td><td>നളിനി.കെ HSA</td><td>19200</td><td>3200</td><td>180</td><td></td></tr>
<tr><td>6</td><td>സജിത.കെ.കെ HSA</td><td>18000</td><td>3000</td><td>180</td><td></td></tr>
</table>

| | | | | | |
|---|---|---|---|---|---|
| 7 | സറസുന്നീസ അറബിക് ടീച്ചർ | 16200 | 2700 | 120 | |
| 8 | ബാബു.കെ ടീച്ചർ | 16800 | 2800 | 120 | |
| 9 | സൗദ, HSA | 17400 | 2900 | 120 | |
| 10 | ഷീജ പിഇടി | 15600 | 2600 | 120 | |
| 11 | രജിത HSA | 15600 | 2600 | 120 | |
| 12 | താഹിറ ടീച്ചർ | 15600 | 2600 | 120 | |
| 13 | അനില ( I T) | 16200 | 2700 | 120 | |
| 14 | സുലജ HSA | 16200 | 2700 | 120 | |
| 15 | സൗദ ആർ.സി HSA | 17400 | 2900 | 120 | |
| 16 | റോസമ്മ ഡേവിസ് HSA | 16800 | 2800 | 120 | |
| 17 | സനുഷ HSA | 16800 | 2800 | 120 | |
| 18 | രാജലക്ഷ്മി HSA | 15600 | 2600 | 120 | |
| 19 | ശ്രീനിജ HSA | 15600 | 2600 | 120 | |
| 20 | ജെസ്ന HSA | 15600 | 2600 | 120 | |
| 21 | സ്വപ്ന ലൈബ്രേറിയൻ | 15600 | 2600 | 120 | |
| 22 | സീന പിപിടിടിസി | 15600 | 2600 | 120 | |
| 23 | അനുപമ HSA | 16800 | 2800 | 120 | |
| 24 | റാഹില ടീച്ചർ | 15600 | 2600 | 120 | |
| 25 | ഹസ്ന മുഹമ്മദ് | 15600 | 2600 | 120 | |

| | | | | | |
|---|---|---|---|---|---|
| | HSA | | | | |
| 26 | ഷെറീന HSA | 15600 | 2600 | 120 | |
| 27 | ടിഫാനി ജോസഫ് HSA | 16800 | 2800 | 120 | |
| 28 | സൗമ്യപ്രഭ HSA | 15600 | 2600 | 120 | |
| 29 | റെനി HSA | 16800 | 2800 | 120 | |
| 30 | മുബിന HSA | 15600 | 2600 | 120 | |
| | *കെഎംഒ മലയാളം മീഡിയം ഹൈസ്കൂൾ* | | | | |
| 31. | അബ്ദുൾ ഹമീദ് HSA | 17000 | 2833.33 | 180 | 11601105193 20.9.16 - 1620 |
| 32 | റബായHSA | 17000 | 2833.33 | 180 | 11701103801 2.8.17- 1920 |
| 33 | റുക്സിയ HSA | 17000 | 2833.33 | 180 | |
| 34 | മൈമൂന HSA | 17000 | 2833.33 | 180 | |
| 35 | റഹിയാനത്ത് HSA | 17000 | 2833.33 | 180 | |
| 36 | ബിജിലി HSA | 17000 | 2833.33 | 180 | |
| 37 | സൈനുന്നീസ HSA | 17000 | 2833.33 | 180 | |
| 38 | നസീറ HSA | 17000 | 2833.33 | 180 | |
| 39 | മുഹമ്മദ് ബഷീർ HSA | 17000 | 2833.33 | 180 | |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 2-15 ബസ് സ്റ്റാന്റ് ഫീസ് - സേവന നികുതി ഈടാക്കിയില്ല

2016-17 വർഷം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റിൽ വന്നു പോകുന്ന ബസ്സുകളിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 1,32,000/- രൂപക്ക് ശ്രീ അനസ്, നെല്ലിക്കുന്നമ്മൽ വീട്, കൊടുവള്ളി എന്ന വ്യക്തിക്ക്

നൽകിയിരുന്നു. ശ്രീ അനസുമായി നഗരസഭ ഉണ്ടാക്കിയ കരാർ പ്രകാരം ലേല സംഖ്യക്ക പുറമെ സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള സേവന നികുതി കൂടി ലേലക്കാരൻ നഗരസഭയിൽ ഒടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ലേലക്കാരൻ ഇപ്രകാരം സേവന നികുതി നഗരസഭയിൽ ഒടുക്കിയതായി കാണുന്നില്ല. ലേലക്കാരനിൽ നിന്നും സേവന നികുതി ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നഗരസഭാ മീറ്റിംഗ് ഹാളിൽ ഏ സി സ്ഥാപിക്കൽ - ക്വട്ടേഷൻ വിളിച്ചത് ക്രമപ്രകാരമല്ല

പ്രൊജക്ട്- നഗരസഭാ മീറ്റിംഗ് ഹാളിൽ എ സി സ്ഥാപിക്കൽ

പ്രൊജക്ട് നം. - 15/17

അടങ്കൽ- 3,00,000 രൂപ (വി.ഫ)

ചെലവ്- 2,84,900 രൂപ (ബിൽ നം. 1167/24.3.2017)

നഗരസഭാ മീറ്റിംഗ് ഹാളിൽ എ സി സ്ഥാപിക്കാനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ക്വട്ടേഷൻ വിളിച്ച് കണ്ണൻകണ്ടി സേൽസ് കോർപ്പറേഷനിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത്.

10.1.2017 ൽ ടെൻഡർ വിളിച്ചു.2 സ്ഥാപനങ്ങൾ പങ്കെടുത്തു. ഇവരുടെ ടെൻഡർ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഇനം | നിരക്ക് - തുക | കുറിപ്പുകൾ |
|---|---|---|---|
| Perkins Refrigeration Co. Ltd | Supply and installation of 3 nos. AC at meeting hall | 3x66900= 200700 | |
| Rime Refrigeration Co. Nadakkav | | 3x67300= 201900 | |

20.1.2017 ന് ചേർന്ന പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ രണ്ടാം നം തീരുമാനപ്രകാരം 2 ടെൻഡറുകളും ക്വാട്ട് ചെയ്ത തുക മാർക്കറ്റ് വിലയേക്കാൾ കൂടുതൽ ആയതിനാൽ നിരസിക്കാൻ തീരുമാനിച്ചു.

25.2.2017 ൽ വീണ്ടും മാതൃഭൂമി പത്രത്തിൽ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതിയായി കാണിച്ചത് 6.3.2017 ആണ്. ഈ ക്വട്ടേഷനിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. വിശദാംശം ചുവടെ :-

| ക്രമ നം | സ്ഥാപനം | നിരക്ക് | തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | Noora Cool House-Koduvally<br>LG 1.5 ton Inverter AC<br>V Guard Stabilizer<br>A C Stand<br>Installation charge | 6x43000<br>6x2150<br>6x600<br>6x1000 | 258000<br>12900<br>3600<br>6000<br>280500 | |

| | | | | |
|---|---|---|---|---|
| | Total | | | |
| 2 | Perkins Refrigeration Co. CLT | 3x58000 | 1,74000 | |
| 3 | Lavanya Plaza Thamarassery<br>LG 1.5 ton Inverter AC<br>V Guard Stabilizer 400-4KV<br>Clamp<br>Installation charge<br>Total | 38900x1<br>2000x1<br>600x1<br>1000x1 | 38900<br>2000<br>600<br>1000<br>42500 | 2.3.17 നാണ് ക്വട്ടേഷൻ സമർപ്പിച്ചത്. ഒരു യൂണിറ്റിന്റെ വിലയാണ് കാണിച്ചത്. |

6.3.2017 ന് പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ യോഗം ചേർന്നെങ്കിലും ഇതു സംബന്ധിച്ച തീരുമാനം എടുത്തില്ല. ഈ ക്വട്ടേഷനുകൾ അംഗീകരിക്കാതെ, വീണ്ടും ഇതേ ആവശ്യത്തിന് 9.3.2017 ന് ക്വട്ടേഷൻ ക്ഷണിക്കുന്നു. മാതൃഭൂമി, ചന്ദ്രിക പത്രങ്ങളിലാണ് പരസ്യം ചെയ്തത്. (നം. ബി 3- 1027/17) ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതിയായി കാണിച്ചത് 16.3.2017 നാണ്. ഈ ക്വട്ടേഷനിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. വിശദാംശം ചുവടെ :-

| ക്രമ നം | സ്ഥാപനം | നിരക്ക് | തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | Kannankandy Sales Corp. Thamarassery<br>LG 1.5 ton Inverter AC<br>V Guard Stabilizer<br>A C Stand<br>Installation charge<br>Total | 38900x1<br>1800x1<br>500x1<br>1000x1 | 38900<br>1800<br>500<br>1000<br>42200 | ക്വട്ടേഷൻ നൽകിയ തിയ്യതി- 15.3.2017 |
| 2 | Airtech Climate Solution- | 42000x1 | 42000 | ക്വട്ടേഷൻ നൽകിയ |

| | | | | |
|---|---|---|---|---|
| | Thamarassery<br>LG 1.5 ton Inverter AC<br>V Guard Stabilizer<br>A C Stand<br>Installation charge<br>Total | 1900x1<br>600x1<br>1900x1 | 1900<br>600<br>1900<br>46400 | തിയ്യതി- 15.3.2017 |

18.3.2017 ന് കണ്ണൻകണ്ടി സെയിൽസ് കോർപ്പറേഷന് പർച്ചേസ് ഓർഡർ നൽകി. (കത്ത് നം. A1- 3007/ 17 dtd 18.3.2017) 20.3.2017 ന മുമ്പായി സ്ഥാപിക്കണമെന്ന നിർദ്ദേശത്തോടെയാണ് കത്ത് നൽകിയത്. ഇതനുസരിച്ച് കണ്ണൻകണ്ടി സെയിൽസ് കോർപ്പറേഷൻ താഴെ പറയുന്ന സാധനങ്ങൾ വിതരണം ചെയ്തു.

| ക്രമ നം | ഇൻവോയ്സ് നം | ഇനം | എണ്ണം, നിരക്ക് | തുക |
|---|---|---|---|---|
| 1 | T-4006-21.3.2017 | V Guard Stabilizer-400 | 7x 1800 | 12600 |
| 2 | T-4008-21.3.2017 | LG AC JS Q 18 AUX | 2x38900 | 77800 |
| 3 | T-4009-21.3.2017 | LG AC JS Q 18 AUX | 2x38900 | 77800 |
| 4 | T-4010-21.3.2017 | LG AC JS Q 18 AUX | 2x38900 | 77800 |
| 5 | T-4008-21.3.2017 | LG AC JS Q 18 AUX | 1x38900 | 38900 |
| | | TOTAL | | 284900 |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു :-

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂയർമെന്റ് മാന്വൽ GO (Rt) 2487/2016 LSGD 20.8.2016 – ഖ. 3.2. പ്രകാരം നഗരസഭകൾക്ക് ക്വട്ടേഷൻ മുഖേന വാങ്ങാൻ അനുവദിച്ച തുകയുടെ പരിധി 1,00,000 രൂപയാണ്. ഇതേ ഉത്തരവ് ഖ. 3.4.2.2. പ്രകാരം 2,00,000 രൂപ മുതൽ 5,00,000 രൂപ വരെയുള്ള വാങ്ങലുകൾക്ക് Open Tender നടപടികൾ സ്വീകരിക്കണം. കൂടാതെ, വ്യാപക പ്രചാരമുള്ള പ്രാദേശിക ദിനപത്രത്തിൽ പരസ്യവും നൽകിയിരിക്കണം. കൂടാതെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ജി ഒ (പി) 3/2013 എസ് പി ഡി 21.6.2013 പ്രകാരവും (1 ലക്ഷം മുതൽ 10 ലക്ഷം വരെ ലിമിറ്റഡ് ടെൻഡർ- ഖ. 7.8) ക്വട്ടേഷൻ ഒരു കാരണവശാലും അനുവദനീയമല്ല.എന്നാൽ ഇവിടെ ആദ്യത്തെ തവണ ഒഴികെ മറ്റു രണ്ടു പ്രാവശ്യവും ക്വട്ടേഷൻ ആണ് ക്ഷണിച്ചത്.

2) കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിനനുസരിച്ച് എത്ര ടൺ/ യൂണിറ്റ് ഏ സി ആവശ്യമുണ്ട് എന്ന് യോഗ്യതയുള്ള എൻജിനിയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് ഇല്ല. 7 യൂണിറ്റ് എന്തടിസ്ഥാനത്തിലാണ് തീരുമാനിച്ചത് എന്ന് വ്യക്തമല്ല.

3) 25.2.2017 ന് ക്വട്ടേഷനിൽ ലാവണ്യ പ്ലാസ 2.3.2017 ന് 42,500 രൂപയ്ക്ക് ഒരു യൂണിറ്റ് സ്ഥാപിക്കാം എന്ന് അറിയിച്ചെങ്കിലും അത് സ്വീകരിക്കാതെ, പ്രത്യേകിച്ച് കാരണം കാണിക്കാതെ വീണ്ടും ക്വട്ടേഷൻ വിളിച്ചത് എന്തിനെന്ന് വ്യക്തമാക്കിയിട്ടില്ല.

4) കണ്ണൻകണ്ടി സേൽസ് കോർപ്പറേഷൻ ഒരു യൂണിറ്റ് സ്ഥാപിക്കാനായി ക്വോട്ട് ചെയ്തത് 42,200 രൂപയാണ്. ലാവണ്യ പ്ലാസ വാഗ്ദാനം ചെയ്തത് 42, 500 രൂപയാണ്. ആകെ കുറവ് വന്നത് കേവലം 300 രൂപയാണ്.

5) 7 യൂണിറ്റ് കണ്ണൻകണ്ടി സേൽസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയത് വഴി കുറവ് വന്നത് ആകെ 2100 രൂപ മാത്രമാണ്. എന്നാൽ മൂന്നാമതും ക്വട്ടേഷൻ മാതൃഭൂമി, ചന്ദ്രിക പത്രങ്ങളിൽ പരസ്യം ചെയ്തത് വഴി പരസ്യകൂലിയിനത്തിൽ നല്ല തുക ചെലവായി.

6) ഏ സി ഇതുവരെ പ്രവർത്തനക്ഷമ മാക്കിയിട്ടില്ല.

7) കണ്ണൻകണ്ടി സെയിൽസ് കോർപ്പറേഷനുമായി കരാർ ചമച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 2/ 2016-17 തി. 26.5.2017 ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ (നം. ജി 2-4987/17 dtd 29.5.2017) -

- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 1.2.2017 ലെ 2.1 നം. തീരുമാന പ്രകാരം 20.8.2016 ലെ ജി ഒ (ആർ ടി) 2487/2016 എൽ എസ് ജി ഡി നം. പ്രൊക്യൂയർമെന്റ് മാന്വൽ നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിനാലാണ് ഇത്തവണ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കാത്തെന്ന് അറിയിച്ചു. കൂടാതെ പ്രചാരത്തിലുള്ള രണ്ട് പ്രാദേശിക ദിനപത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ടെന്നും, ഓരോ ഘട്ടത്തിലും ക്വാട്ട് ചെയ്ത തുക കുറഞ്ഞു വരുന്നെന്നും, നഗരസഭയിൽ ഇലക്ട്രിക് വിംഗ് ഇല്ലാത്തതിനാൽ ഐ ടി ഐ യോഗ്യതയുള്ള ഇലക്ട്രീഷ്യന്റെ നിർദ്ദേശ പ്രകാരമാണ് 7 യൂണിറ്റ് ഏ സി വാങ്ങാൻ തീരുമാനിച്ചതെന്നും, ലാവണ്യ പ്ലാസ എന്ന സ്ഥാപനവും കണ്ണൻകണ്ടി സെയിൽസ് കോർപ്പറേഷനും 16.3.2017 ലെ ക്വട്ടേഷനിൽ ആണ് പങ്കെടുത്തതെന്നും, 2017- 18 പദ്ധതിയിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നും, കരാർ ഉടമ്പടി വെക്കാൻ സ്ഥാപനത്തിനെ സമീപിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചത്.

<u>ഓഡിറ്റിന്റെ കണ്ടെത്തലുകൾ</u>

1) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 1.2.2017 ലെ 2.1 നം. തീരുമാന പ്രകാരം 20.8.2016 ലെ ജി ഒ (ആർ ടി) 2487/2016 എൽ എസ് ജി ഡി നം. പ്രൊക്യൂയർമെന്റ് മാന്വൽ നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിനാലാണ് ഇത്തവണ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കാത്തത് എന്നത് ശരിയല്ല. ഇത് നടപ്പാക്കൽ മരവിപ്പിച്ചാൽ ജി ഒ (പി) 259/2010 തസ്വഭവ 8.11.2010 ഉത്തരവ് ബാധകമായിരിക്കും. ഇത് പ്രകാരമുള്ള നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.

2) ടെൻഡർ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ തിയതി തെറ്റി എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. 25.2.2017 ന് ക്വട്ടേഷനിൽ ലാവണ്യ പ്ലാസ 2.3.2017 ന് 42,500 രൂപയ്ക്ക് ഒരു യൂണിറ്റ് സ്ഥാപിക്കാം എന്ന് അറിയിച്ചെങ്കിലും അത് സ്വീകരിക്കാതെ, പ്രത്യേകിച്ച് കാരണം കാണിക്കാതെ വീണ്ടും ക്വട്ടേഷൻ വിളിച്ച് കണ്ണൻകണ്ടി സെയിൽസ് കോർപ്പറേഷന് നൽകിയത് ലാവണ്യ പ്ലാസയെ മറികടന്ന് കണ്ണൻകണ്ടി സെയിൽസ് കോർപ്പറേഷന് ക്വട്ടേഷൻ നൽകിയത് അംഗീകരിക്കാവുന്നതല്ല. 16.3.2017 ന് ലാവണ്യ പ്ലാസ ക്വട്ടേഷനിൽ പങ്കെടുത്തതെന്ന് പറയുന്നതിന് രേഖ ലഭ്യമാക്കിയിട്ടില്ല. മറ്റുള്ള മറുപടികളും അംഗീകരിക്കാവുന്നതല്ല. ചെലവ് തുക 2,84,900 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 <u>പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ- ആവശ്യങ്ങൾക്കനുസരിച്ചാണോ എന്ന് വ്യക്തമല്ല.</u>

പ്രൊജക്ട്- പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ

പ്രൊജക്ട് നം. - 480/16; 17/17

അടങ്കൽ- 8,95,000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 8,83,756 രൂപ (ബിൽ നം. 1160/21.3.2017)

പ്രൊജക്ട് പ്രകാരം 407സി എഫ് എൽ തെരുവ് വിളക്കുകൾ 2200 രൂപ നിരക്കിൽ 8,95,000 രൂപ വകയിരുത്തിയിട്ടുണ്ട്. ക്രൂസിൽ നിന്നും, 590 സി എഫ് എൽ തെരുവ് വിളക്കുകൾ 883756 രൂപക്ക് വാങ്ങി. (ഇൻവോയ്സ് നം. 60/16-17 dtd 4.7.2016)

സെക്രട്ടറിയുടെ 22.12.2016 ലെ സാക്ഷ്യപത്രം പ്രകാരം (നം. ബി 3-22183/16 തി 22 .12.2016) 585തെരുവ് വിളക്കുകൾ വിവിധ വാർഡുകളിലും, 4 എണ്ണം നഗരസഭയിലും സ്ഥാപിച്ചു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1) 407 എണ്ണത്തിന് വേണ്ടിയാണ് പ്രൊജക്ട് തയ്യാറാക്കിയത്. എന്നാൽ പ്രൊജക്ട് ഭേദഗതി ചെയ്യാതെ 590 സി എഫ് എൽ തെരുവ് വിളക്കുകൾ 883756 രൂപക്ക് വാങ്ങി.

2) എല്ലാ മെമ്പർമാരും ഇത്ര വീതം സി എഫ് എൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചു എന്ന് എഴുതി നൽകുകയാണ് ചെയ്തത്(590 എണ്ണം). പോസ്റ്റ് നം. നൽകാത്തതിനാൽ മുൻവർഷങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച കാലുകളിൽ തന്നെയാണോ സ്ഥാപിച്ചതെന്ന് വ്യക്തമല്ല.

തെരുവ് വിളക്ക് രജിസ്ററർ പ്രകാരം 2011-12 മുതൽ 2016-17 വരെ വാങ്ങിയ തെരുവ് വിളക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം. | ഇനം | എണ്ണം | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 59/12 | CFL- 2x11 Watt | 184 | 4yrs warranty |
| 2 | 60/12 | 85 w CFL | 158 | 158 സോഡിയം വേപ്പർ ലാമ്പ് മാറ്റിയാണ് ഇവ സ്ഥാപിച്ചത് |
| 3 | 234/12 | CFL- 2x11 Watt | 250 | 18 months warranty |
| 4 | 233/13 | CFL- 2x11 Watt | 190 | |
| 5 | 230/13 | CFL- 2x11 Watt | 810 | |
| 6 | 315/14 | CFL- 2x11 Watt | 494 | do |
| | | CFL 11 W 4pin lamp | 988 | |
| 7 | 316/14 | 46 w LED streetlight with all accessories | 29 | do |
| 8 | 17/17 | CFL- 2x11 Watt | 590 | do |
| 9 | 434/17 | CFL Circuit board | 650 | |
| | | CFL 11 W 4pin lamp | 1300 | |
| | | Total | | |

ഇത്രയേറെ തെരുവ് വിളക്കുകൾ വാങ്ങിയിട്ട് ഇവ സ്ഥാപിച്ചതിന്റെ കാലുകളുടെ വിവരം ലഭ്യമല്ലാത്തതിനാലും, ഇവയുടെ എ എം സി / വാറന്റി സംബന്ധിച്ച വിവരം ലഭ്യമല്ലാത്തതിനാലും ഇവയുടെ ഇപ്പോഴത്തെ പ്രവർത്തനം വിലയിരുത്തിയിട്ടാണോ പുതിയത് വാങ്ങിയതെന്ന് മനസ്സിലാവുന്നില്ല.

3) തെരുവ് വിളക്കുകളുടെ രജിസ്റ്ററിൽ കൃത്യമായ കണക്ക് വെച്ചിട്ടില്ല. ഉദാഹരണമായി 230/13; 233/13 പ്രൊജക്ട് മുഖേന വാങ്ങിയ തെരുവ് വിളക്കുകളുടെ വിവരം ഈ രജിസ്റ്ററിൽ ചേർത്തിട്ടില്ല. അതിനാൽ എത്ര തെരുവ് വിളക്കുകൾ നഗരസഭയിൽ ഉണ്ടെന്ന് അറിയില്ല.

4) മാറ്റി വെക്കുന്ന പാർട്സുകൾ / വിളക്കുകൾ സ്റ്റോക്കിലെടുത്ത് കാണിക്കുന്നില്ല.

വ്യക്തമായ സ്ഥിതിവിവര കണക്കുകൾ ഇല്ലാതെ തെരുവ് വിളക്കുകൾ വാങ്ങി ഫിറ്റ് ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവഴിച്ച 8,83,756 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-3 നഗരസഭയിലെ സോഫ്റ്റ്വെയറുകളുടെ കാര്യത്തിൽ ഐ കെ എം പ്രവർത്തനം കാര്യക്ഷമമല്ല.

പ്രൊജക്ട്- ഐ കെ എം വിഹിതം നൽകൽ

നം- 315/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- 1,45,465രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 1,45,465 രൂപ (ബിൽ നം. 470/40143 തി. 20.10.2016)

സ. ഉ (സാധാ) 1228/2016 തസ്വഭവ. തി. 8.3.2016 പ്രകാരം ഗ്രാമപഞ്ചായത്തും ,നഗരസഭകളും പ്ലാൻ ഫണ്ട് വിഹിതത്തിന്റെ 0.25% ഐ കെ എം ന് അവരുടെ വിഹിതമായി അടവാക്കേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് മേൽ ബിൽ പ്രകാരം തുക ഐ കെ എം ന് നൽകിയിട്ടുണ്ട്.

സർക്കാരിന്റെ 29.05.2009 ലെ ജി ഒ (ആർ ടി) നം 1265/09/ LSGD ഉത്തരവ് അനുസരിച്ച് ഓരോ ഗ്രാമ പഞ്ചായത്തും,നഗരസഭകളും വർഷത്തിൽ 20,000 രൂപ വീതം അടവാക്കണം. ഇതു പ്രകാരം എല്ലാ വർഷവും ഐ കെ എം ന് പണം നൽകിയിട്ടുണ്ട്.

നഗരസഭയിൽ ഇൻസ്റ്റാൾ ചെയ്ത സോഫ്റ്റ് വെയറുകളുടെ നിലവിലുള്ള അവസ്ഥ താഴെ കൊടുക്കുന്നു.

| ക്രമ നം | സോഫ്റ്റ് വെയർ ഇനം | ഇപ്പോഴത്തെ പ്രവർത്തനം |
|---|---|---|
| 1 | സേവന സിവിൽ രജിസ്ട്രേഷൻ | പ്രവർത്തിക്കുന്നു |
| 2 | സേവന പെൻഷൻ | പ്രവർത്തിക്കുന്നു |
| 3 | സാംഖ്യ | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 4 | സൂചിക-ഫ്രണ്ട് ഓഫീസ് | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 5 | സുലേഖ- പ്ലാൻ | പ്രവർത്തിക്കുന്നു. |
| 6 | സചിത്ര- ആസ്തി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| 7 | സ്ഥാപന- ശമ്പളം | പ്രവർത്തിക്കുന്നു. |
| 8 | സഞ്ചയ- വസ്തുനികുതി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവ് ഓൺലൈൻ അടക്കാൻ കഴിയില്ല. |

മുകളിൽ പറഞ്ഞ സോഫ്റ്റ്വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അതേ പോലെ, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിവരങ്ങൾ ഒന്നും കാലികമല്ല. വെബ്സൈറ്റിൽ വിവരങ്ങൾ ലഭിക്കാതിരിക്കുകയോ

ലഭിക്കുന്ന വിവരങ്ങൾ കാലികമായതോ അല്ല.

സാംഖ്യ സോഫ്റ്റ് വെയറിൽ ഉള്ള അപാകതകൾ കാരണം പദ്ധതിചെലവിൽ ചിലപ്പോൾ വ്യത്യാസം വരുന്നുണ്ട്. സുലേഖയുമായി ഓട്ടോമാറ്റിക് ആയല്ല സാംഖ്യ പ്രവർത്തിക്കുന്നത്. സാംഖ്യയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കുന്ന വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല.

സഞ്ചയയിൽ വസ്തു നികുതി കണക്കാക്കിയത് വാർഷിക വാടകയുടെ അടിസ്ഥാനത്തിലാണ്. തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല. ഓൺലൈൻ ആയി നികുതി അടവാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കൂടാതെ പോസ്റ്റിംഗ് നടത്തിയ കെട്ടിടങ്ങൾക്ക് വീണ്ടും ഡിമാന്റ് ചെയ്യാനുണ്ടെന്ന് കാണിക്കുന്നു.

സോഫ്റ്റ് വെയറുകൾ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 <u>സൗണ്ട്സിസ്റ്റം സ്ഥാപിക്കൽ -അപാകതകൾ</u>

പ്രോജക്റ്റ്, നം : 398/2017

ഫണ്ട് : മെയിന്റനസ് ഫണ്ട് റോഡിതരം

ബിൽ നം/തുക : 195000

നിർവഹണഉദ്യോഗസ്ഥൻ പ്രിൻസിപ്പൽ .GHSS.കോട്ടുവള്ളി

പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കരുവൻപോയിൽ GHSS സ്കൂളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കാൻ വേണ്ടിയുള്ള പ്രോജക്റ്റ്.സെക്രട്ടറി 25/2/17ന് നൽകിയ ടെണ്ടർ പരസ്യത്തിന്റെ ഫലമായി മാർച്ച് രണ്ടിന്റെ മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചു. തുടർന്ന് പാൽ ട്രേഡിങ്ങ് എന്ന സ്ഥാപനം എസ്റ്റിമേറ്റ് തുകയുടെ 2 ശതമാനം കുറവ് ചെയ്തുകൊണ്ട് പ്രവർത്തിചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞ് അപേക്ഷ സമർപ്പിച്ചെങ്കിലും9-3-17 ലെ 53/17ംതീരുമാനപ്രകാരം (തീരുമാനം6) സാധുവായ ക്വട്ടേഷൻ ലഭിച്ചിട്ടില്ല എന്ന തീരുമാനമെടുക്കുകയും 10-3-17 ന് വീണ്ടും ടെണ്ടർ പരസ്യം നൽകുകയും ചെയ്തു.പ്രസ്തുത പരസ്യത്തിൽ ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.പ്രൊജക്റ്റിൽ ടെണ്ടർ എന്ന് രേഖപ്പെടുത്തുകയും പരസ്യത്തിൽ ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തുകയും ചെയ്തത്ശരിയല്ല.കേരളസ്റ്റോർ പർച്ചേസ് മാന്വൽഖ7.1 പ്രകാരം ഒരു ലക്ഷത്തിന് മുകളിലുള്ള തുകയ്ക്ക് ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടത്.പ്രസ്തുത പരസ്യമനുസരിച്ച് 3 ക്വട്ടേഷൻ ലഭിച്ചിട്ടുണ്ട്.അതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അൽസാഡ് ട്രേഡിങ്ങ് (134194) എന്ന സ്ഥാപനത്തെ ഒഴിവാക്കി 195000 ക്വോട്ട് ചെയ്ത ഇലക്ട്രോസൊല്യൂഷ്യൻസിന്റെ ക്വട്ടേഷൻ 17.03.17ലെ 60/17(5)തീരുമാനപ്രകാരംസ്വീകരിച്ചിരിക്കുന്നു. കൂടാതെ പ്രസ്തുത ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് യാതൊരു പരാമർശവും നൽകാതെയാണ്പരസ്യം ക്ഷണിച്ചിട്ടുള്ളത്.പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമല്ല.മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്പ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 195000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സമർപ്പിക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 <u>രജിസ്റ്റർ ചെയ്തു കിട്ടാത്ത ഭൂമിയിൽ കിണർ നിർമ്മിച്ചു.</u>

പ്രോജക്റ്റ് കരിമ്പയിൽ കുടിവെള്ള പദ്ധതി 6/16

അടങ്കൽ വികസന ഫണ്ട് 287575/-

എഗ്രിമെന്റ് 176/15-16 19.2.16 കൺവീനർ സലീം.ആർ.വി

സാങ്കേതികാനുമതി kdy/kdly/200/15-16 4.1.16

എം ബുക്ക് 208/16

കരിമ്പയിൽ കുടിവെള്ള പദ്ധതിക്കായി അരക്കമ്പ്ര മലയിൽ ഇല്യാസ് എന്നയാളുടെ സ്ഥലത്ത് കിണർ നിർമ്മിക്കുന്നതിനായി 287575 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതിക്കായി ഒന്നര സെന്റ് സ്ഥലം സൗജന്യമായി വിട്ടു നല്കാൻ തയ്യാറാണെന്ന് ശ്രീ. ഇല്ല്യാസ് റിലിങ്ക്വിഷ്മെന്റ് ഫോറം മുഖേന അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം രജിസ്റ്റർ ചെയ്തു ലഭിച്ചതിന് രേഖകളൊന്നും ഫയലിനോടൊപ്പമില്ല. മേൽ റിലിങ്ക്വിഷ്മെന്റ് ഫോറം ഭൂമി വിട്ടു നല്കുന്നതിനുള്ള അപേക്ഷാ ഫോറം മാത്രമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ പൂർത്തീകരിക്കുമ്പോൾ മാത്രമാണ് ഉടമസ്ഥാവകാശം

ലഭ്യമാകുന്നത്.

സ്വന്തമല്ലാത്ത ഭൂമിയിൽ ലക്ഷക്കണക്കിന് രൂപ ചെലവിട്ട് ആസ്തി നിർമ്മിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 287575/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 കണ്ടിജന്റ് ചെലവുകളിൽ രേഖകളില്ല

25.2.2012 ലെ സർക്കാർ ഉത്തരവ് നം 107/98/തഭവ പ്രകാരം കണ്ടിജന്റ് ചെലവിനങ്ങൾ ഏതെല്ലാമെന്ന് നിർവചിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി കമ്മിറ്റി യോഗങ്ങളിൽ ലഘുഭക്ഷണം വിതരണം ചെയ്യാൻ ആയതു പ്രകാരം അനുവാദമുണ്ട്. എന്നാൽ വൗച്ചറുകൾ പരിശോധിച്ചതിൽ പൊതു അവധി ദിവസങ്ങളൊഴികെ എല്ലാ ദിവസവും കമ്മറ്റി യോഗങ്ങളിൽ ലഘുഭക്ഷണം വിതരണം ചെയ്തതിനുള്ള ബില്ലിന് അബൂള്ള ഉവൈസ് എന്നയാൾക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചു നല്കിയിട്ടുണ്ട്.

| വൗച്ചർ നം. | തുക | ഇനം |
|---|---|---|
| 21600991/ 13.1.2017 | 21656 | ഒക്ടോബർ നവംബർ മാസങ്ങളിലെ വിവിധ യോഗങ്ങളിൽ ലഘു ഭക്ഷണം |
| 21601131/ 8.3.2017 | 28136 | സെപ്റ്റംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വിവിധ യോഗങ്ങളിൽ ലഘു ഭക്ഷണം |
| | 49792 | |

വിവിധ കമ്മറ്റികളുടെ മിനുട്സ് പരിശോധിച്ചിട്ടും ഓരോ മാസവും എല്ലാ പ്രവൃത്തി ദിവസങ്ങളിലും കമ്മറ്റി യോഗങ്ങൾ നടന്നതായി കണ്ടില്ല. മേൽ കാണിച്ച മാസങ്ങളിൽ എല്ലാദിവസവും നടന്ന കമ്മറ്റി യോഗങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവു രേഖകളുടെ അഭാവത്തിൽ 49792/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി- സാധനങ്ങൾ വാങ്ങിയത് ചട്ടപ്രകാരമല്ല

പ്രൊജക്ട്- സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി- സാധനങ്ങൾ വാങ്ങൽ

പ്രൊജക്ട് നം. - 434/17

അടങ്കൽ- 4,00,000 രൂപ (വികസന ഫണ്ട്)

ചെലവ്- 3,92,915 രൂപ (ബിൽ നം. 1215/29.3.2017)

നഗരസഭയിലെ തെരുവ് വിളക്കുകളുടെ കേടായ ഭാഗങ്ങൾ മാറ്റി റിപ്പയർ ചെയ്യുന്നതിനുള്ള സാധനങ്ങൾ വാങ്ങാനായാണ് ഈ പ്രൊജക്ടിൽ തുക വകയിരുത്തിയത്. ഇതിനായി രണ്ട് പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുവദിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27.12.2016 ലെ 993/ഡി ഡി 3/ 2016/ തസ്വഭവ കത്ത് പ്രകാരമാണ് അനുവദിച്ചത്. (കോ ഓർഡിനേഷൻ കമ്മിറ്റി 26.10.2016 ൽ 3.10 നമ്പർ തീരുമാനമായി അംഗീകരിച്ചിരുന്നു.)

27.10.2016 ൽ ഭരണസമിതി 183/16 നം തീരുമാനപ്രകാരം തെരുവ് വിളക്ക് നന്നാക്കാൻ രണ്ട് പേരെ നിയമിക്കുന്നതിന് തീരുമാനം എടുക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ 9.2.17 ന് സെക്രട്ടറി എ2- 1524/17 ാം നമ്പർ കത്ത് പ്രകാരം ശ്രീ കാദർകുട്ടി ഒ കെ, നരുക്കിൽ വീട്, കൊടുവള്ളി പി ഒ., ശ്രീ സൽമാനുൽ ഫാരിസ് ഇ, ഇരുമോത്ത് വീട്, വാവാട് പി ഒ, എന്നിവരെ നിയമിച്ചു.

1.12.2016 ലെ ബി 3/12800/16 -ാം നമ്പർ കത്ത് പ്രകാരം 6.12.2016 ലെ ചന്ദ്രിക ദിനപത്രത്തിൽ പരസ്യം ചെയ്യുകയും ചെയ്തു. ഈ പരസ്യത്തിൽ തെരുവ് വിളക്ക് റിപ്പയർ ചെയ്യാനാവശ്യമായ സാധനങ്ങൾ നൽകാൻ 'ക്വട്ടേഷൻ ' നൽകാനാണ് ആവശ്യപ്പെട്ടത്. 'ക്വട്ടേഷൻ ' സ്വീകരിക്കുന്ന അവസാന തിയ്യതിയായി കാണിച്ചത് 9.12.2016 ആണ്.

'ക്വട്ടേഷനിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുത്തു. SAS കരീറ്റിപറമ്പ്, കൊട്ടുവള്ളി, ഹാർഡ് വെയർ ലാൻഡ് ഓമശ്ശേരി എന്നീ സ്ഥാപനങ്ങൾ ആണ് പങ്കെടുത്തത്. വിശദാംശം താഴെ ചേർക്കുന്നു :-

| സ്ഥാപനങ്ങൾ, ഇൻവോയ്സ് നം. തിയ്യതി | ഇനം | നിരക്ക് |
|---|---|---|
| SAS കരീറ്റിപറമ്പ്, കൊട്ടുവള്ളി<br>നം. 1290/27.12.16 | 2x11 w SF board-1 no.<br>11 w 4pin CFL – 1 no.<br>4Pin CFL Holder-1 no.<br>LDR- 1 no.<br>Case- 1 no.<br>Aluminium Cable -1mtr<br>Junction Box<br>Total | 345.00<br>78.00<br>300.00<br>250.00<br>280.00<br>6.50<br>145.00<br>1354.50 |
| ഹാർഡ് വെയർ ലാൻഡ് ഓമശ്ശേരി.<br>Qn dtd 25.12.2016 | 2x11 w SF board-1 no.<br>11 w 4pin CFL – 1 no.<br>4Pin CFL Holder-1 no.<br>LDR- 1 no.<br>Case- 1 no.<br>Aluminium Cable -1mtr<br>Junction Box<br>Total | 350.00<br>83.00<br>305.00<br>255.00<br>285.00<br>11.50<br>200.00<br>1489.50 |

30.12.2016 ൽ കൂടിയ പ്രൊക്യൂയർമെന്റ് കമ്മിറ്റി SAS ന്റെ ക്വട്ടേഷൻ കുറവായതിനാൽ അംഗീകരിക്കുകയും 9.1.2017 ലെ 8/17(2) തീരുമാന പ്രകാരം നഗരസഭ ഭരണസമിതിയും അംഗീകരിച്ചു. ഇതനുസരിച്ച് 6.2.2017 ൽ ബി 3- 1672/17 ാം നമ്പറായി സപ്ലൈ ഓർഡർ നൽകി.

20.2.2017 (മാസത്തിൽ 3 എന്ന് എഴുതിയത് മുകളിലൂടെ എഴുതി 2 എന്ന് ആക്കിയതാണ്) ൽ ശ്രീ കാദർകുട്ടി തെരുവ് വിളക്കുകളുടെ റിപ്പയർ ചെയ്യുന്നതിന് താഴെ പറയുന്ന സാധനങ്ങൾ ആവശ്യമാണ് എന്ന് അറിയിച്ചു കത്ത് നൽകി.

| ഇനം | എണ്ണം | കുറിപ്പുകൾ |
|---|---|---|
| Current Board | 650 | |
| CFL Bulb | 1300 | |
| 4 Pin | 100 | |
| LDR | 100 | |
| Street light case | 25 | |
| Cable | 100 metre | |

ഇതു പ്രകാരം SAS ഇൻവോയ്സ് നം 689/23.3.2017 അനുസരിച്ച് സാധനങ്ങൾ വിതരണം ചെയ്തു. വിശദാംശം ചുവടെ :-

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | 19151 current board | 327.75 | 650 | 213037.50 |
| 2 | 11W 4pin CFL Lamp | 74.10 | 1300 | 96330.00 |
| 3 | 15241- 4pin | 275.50 | 110 | 30305.00 |
| 4 | LDR | 232.75 | 100 | 23275.00 |
| 5 | Street light case | 266.00 | 30 | 7980.00 |
| 6 | Junction Box | 133.00 | 20 | 2660.00 |
| 7 | Cable | 6.50 | 100 | 617.50 |
| | Tax @5% | | | 18710.25 |
| | Total | | | 392915.00 |

ഈ സാധനങ്ങൾ വിതരണം ചെയ്തതിന് മേൽപ്രകാരമുള്ള ബിൽതുകയായ 3,92,915 രൂപ (ബിൽ നം. 1215/29.3.2017) SAS ന് അനുവദിച്ചു.

അപാകതകൾ താഴെ കൊടുക്കുന്നു

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂയർമെന്റ് മാന്വൽ പ്രകാരം വാങ്ങലുകൾക്ക് Open Tender നടപടികൾ സ്വീകരിക്കണം. കൂടാതെ, വ്യാപക പ്രചാരമുള്ള പ്രാദേശിക ദിനപത്രത്തിൽ പരസ്യവും നൽകിയിരിക്കണം. കൂടാതെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ജി ഒ (പി) 3/2013 എസ് പി ഡി 21.6.2013 പ്രകാരവും (1 ലക്ഷം മുതൽ 10 ലക്ഷം വരെ ലിമിറ്റഡ് ടെൻഡർ- ഖ. 7.8) ക്വട്ടേഷൻ ഒരു കാരണവശാലും അനുവദനീയമല്ല.

ഇവിടെ 6.12.2016 ന് ചന്ദ്രിക ദിനപത്രത്തിൽ ആണ് പരസ്യം നൽകിയത്.

2) ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് പേരെ തെരഞ്ഞെടുത്തെങ്കിലും, ഇവരുടെ യോഗ്യത, തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടികൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രിക്കൽ പ്രവൃത്തി ചെയ്യാൻ വേണ്ട യോഗ്യത ഇവർ നേടിയിട്ടുണ്ടോ എന്നത് സ്ഥിരീകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) യോഗ്യത സ്ഥിരീകരിക്കാത്ത ശ്രീ കാദർകുട്ടി ഒ കെ, നരുക്കിൽ വീട്, കൊടുവള്ളി പി ഒ., എന്നിവരാണ് റിപ്പയറിന് ആവശ്യമായ സാധനങ്ങൾ എന്തൊക്കെയാണെന്ന് എഴുതി ആവശ്യപ്പെട്ടത്. ഇത് ശരിയാണോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ആവശ്യമായ റിപ്പയർ പ്രവൃത്തികൾ എന്താണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വാങ്ങിയ സാധനങ്ങൾ എവിടെയെല്ലാം ഫിറ്റ് ചെയ്തെന്നോ, മാറ്റിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് എന്ത് ചെയ്തെന്ന് വ്യക്തമാക്കിയിട്ടില്ല.

5) പത്ര പരസ്യത്തിൽ നൽകിയ ക്വട്ടേഷൻ പ്രകാരം ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയ്യതി യായി കാണിച്ചത് 9.12.2016 ആണ്. എന്നാൽ SAS ക്വട്ടേഷൻ നൽകിയത് 27.12.2016 നും, ഹാർഡ് വെയർ ലാൻഡ് ഓമശ്ശേരി നൽകിയത് 25.12.2016 നും ആണ്. നിശ്ചിത സമയ പരിധിക്കകം നൽകാത്ത , ക്രമപ്രകാരമല്ലാത്ത യോഗ്യതയില്ലാത്ത ക്വട്ടേഷൻ സ്വീകരിച്ചത് എന്ത് അടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമല്ല.

6) കൗൺസിലർമാരുടെ കത്തിൽ 317 തെരുവ് വിളക്കുകൾ നന്നാക്കി എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ 650 ബോർഡും, അതിന് വേണ്ട CFL വിളക്കുകൾ 1300 എണ്ണവും വാങ്ങിയിട്ടുണ്ട്. ബാക്കി 333 വിളക്കുകളുടെ പാർട്സുകൾ എന്ത് ചെയ്തെന്ന് വ്യക്തമല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരും ചെയ്ത പ്രവൃത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവഴിച്ച തുകയായ 3,92,915 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-8 ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയ്ക്ക് കരാറുകാരന്റെ ലാഭവിഹിതം കണക്കാക്കിയതിനാൽ കരാറുകാർക്ക് അധിക തുക നല്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി എഞ്ചിനീയർ

ഓഡിറ്റ് വർഷം ഒതയോത്ത് വാരിക്കുഴിത്താഴം എന്ന പ്രവൃത്തി മാത്രമാണ് കരാറുകാർ മുഖേന നിർവ്വഹിച്ചത്. പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മേൽ പ്രവൃത്തിയുടെ ബിൽ പരിശോധിച്ചതിൽ ഡാറ്റയിൽ അടിസ്ഥാന നിരക്കിനോടൊപ്പം 10% ഓവർ ഹെഡ് ചാർജ്ജ് കൂട്ടിയ തുകയ്ക്കാണ് കരാറുകാരന്റെ ലാഭം 10% നിരക്ക് കൂട്ടിയത്. മേൽ അപാകത കാരണം ഓവർ ഹെഡ് ചാർജ്ജിനു കൂടി കരാറുകാരന്റെ ലാഭം വകവച്ചു കൊടുത്തു. ആയതു വഴി കരാറുകാർക്ക് അധികം തുക നൽകിയിട്ടുണ്ട്. സോഫ്റ്റ് വെയറിലെ തെറ്റായതിനാൽ ആയത് ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-9 യോഗസമയത്ത് ലഘുഭക്ഷണം നൽകാതെ പാക്കറ്റ് ഭക്ഷണം നൽകി.

വൗച്ചർ നം. 21600264 / 30.6.2016

തുക. 10500 രൂപ

2016-17 വർഷത്തെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി, റംസാൻ കാലമായതിനാൽ ലഘുഭക്ഷണത്തിന് പകരമായി പാക്കറ്റ് കാരയ്ക്ക വിതരണം ചെയ്ത വകയിൽ സൗദി ബേക്കറിക്ക് 10500 രൂപ നൽകി. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് എന്നാണ് നടന്നത് എന്നത് വ്യക്തമല്ല. എത്ര പേർ പങ്കെടുത്തെന്നും എത്ര പാക്കറ്റ് കിലോക്ക് എത്ര രൂപ നിരക്കിലാണ് നൽകിയതെന്നും വ്യക്തമല്ല.

വർക്കിംഗ് ഗ്രൂപ്പ് നടക്കുന്ന സമയത്ത് നൽകേണ്ട ഭക്ഷണത്തിന് പകരം പാക്കറ്റ് കാരക്ക മേൽപ്പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കാതെ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച 10,500 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - മതിയായ തുക വകയിരുത്തുന്നില്ല.

പ്രൊജക്ട് നം. - 364/17

അടങ്കൽ- 8,00,000 രൂപ (വി.ഫ)

ചെലവ്- 8,00,000 രൂപ (ബിൽ നം. 470/401112 dtd17.2.2017)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 96 കുട്ടികൾക്കാണ് നൽകിയത്. ഇതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ 75 ഉം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ 21 ഉം ആണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 9200 രൂപയാണ് ഓരോ കുട്ടിക്കും നൽകിയത്. സ.ഉ (എം എസ്) 4/2016 തസ്വഭവ 11.1.2016 പ്രകാരം ഒരു കുട്ടിക്ക് വിവധ ബത്തകളായി 20,000 രൂപ ഒരു വർഷം നൽകണം. എന്നാൽ ഇവിടെ 9200 രൂപ മാത്രമാണ് നൽകിയത്.

പലവിധത്തിലുള്ള അവശതകൾ നേരിടുന്ന ഇവർക്ക് സർക്കാർ അനുവദിച്ച പരമാവധി സഹായം നൽകാതെ പ്രൊജക്ട് തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 സാമൂഹ്യ ദ്രോഹികൾ കേട് വരുത്തിയ റോഡ് നന്നാക്കിയ വകയിൽ ചെലവാക്കിയ തുക തിരിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല

വൗച്ചർ നം. 21600159/ 20.5.2016

തുക. 6500 രൂപ

താമരശ്ശേരി തഹസിൽദാരുടെ 13.5.2016 ലെ E1/16755/2015 നം. കത്തിൽ 55, 56 പോളിംഗ് ബൂത്തുകൾ

ഉൾക്കൊള്ളുന്ന പോളിംഗ് സ്റ്റേഷനിലേക്കുള്ള റോഡ് ആരോ കുത്തിപ്പൊളിക്കുകയും, കരിങ്കല്ല് ഇറക്കുകയും ചെയ്തതിനാൽ ഇലക്ഷന് മുമ്പ് ഗതാഗതയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി 5 തൊഴിലാളികൾ 13.05.2016, 14.5.2016 തിയ്യതികളിൽ പണി എടുത്ത് നന്നാക്കിയതിന്റെ അടിസ്ഥാനത്തിൽ 6500 രൂപ കൂലിയിനത്തിൽ നൽകിയിട്ടുണ്ട്.

ഈ ചെലവായ തുക ഇതിന് കാരണക്കാരായവരുടെ പക്കൽ നിന്നും ഈടാക്കാനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

## 3-12 സ്ട്രീറ്റ് ടാപ്പ് - സംയുക്ത പരിശോധന നടത്തിയില്ല

നഗരസഭയിൽ സ്ട്രീറ്റ് ടാപ്പിന്റെ വാട്ടർ ചാർജായി അടവാക്കിയത് പ്രതിമാസം 211 ടാപ്പിന് 7884 രൂപ നിരക്കിൽ 1,38,627 രൂപയാണ്. ഇങ്ങനെ 2016-17 വർഷത്തിൽ 16,63,524 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ വെള്ളക്കരം അടവാക്കുന്നതിന് മുന്നോടിയായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. 211 ടാപ്പുകളും എല്ലാ മാസവും പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താതെ പ്രതിമാസം 1,38,627 രൂപ അടവാക്കുകയാണ് ചെയ്യുന്നത്.

പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് സാധ്യത പരിശോധന അടിയന്തരമായി നടത്തേണ്ടതാണ്.

## 3-13 പെയിൻ ആന്റ് പാലിയേറ്റീവ്-അപാകതകൾ

പ്രോജക്ട്, നം : 393/2017

ഫണ്ട് : 1തനത്ഫണ്ട്

ധനകാര്യകമ്മീഷൻ അവാർഡ്

ബിൽ നം/തുക : 7/16-17/30/3/17. 37000

ഡി ഡി നം 135971/31/3/17 /50000

നിർവഹണഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ

കൊടുവള്ളി മുൻസിപ്പാലിറ്റി 2016-17 സാമ്പത്തിക വർഷത്തിൽ പാലിയേറ്റിവ് പരിചരണത്തിന്റെ ഭാഗമായി വാക്കർ ഫോൾഡിങ്ങ്,എയർബെഡ്, ബി പി എപ്പാരറ്റസ്,മുതലായവ വാങ്ങാൻ വേണ്ടി 37000 രൂപ നീതിമെഡിക്കൽ സ്റ്റോറിന് കൈമാറിയിട്ടുണ്ട്.കൂടാതെ തനത് ഫണ്ടിൽ നിന്നും 50000 രൂപ മരുന്ന് വാങ്ങാൻ വേണ്ടി നീതി മെഡിക്കൽ സ്റ്റോറിനും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങളും, മരുന്നും ഓഡിറ്റ് കാലയളവ് വരെയും ലഭ്യമായിട്ടില്ല. അവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 വാട്ടർ ചാർജ്ജ് അടവാക്കിയതിന് രശീതിയില്ല

വൗച്ചർ നം. 21601269/31.3.2017 49935/-

മുനിസിപ്പൽ ഓഫീസിലെ KDY/161/N വാട്ടർ കണക്ഷനു വേണ്ടി മേൽ വൗച്ചർ പ്രകാരം 2017 ജനവരി മാസം വരെയുള്ള കുടിശ്ശിക 49935/- രൂപ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ആർ1/307/2017 14.3.17 പ്രകാരമുള്ള നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കിയത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ നോട്ടീസിൽ ഏതു മാസം മുതലുള്ള കുടിശ്ശികയാണെന്ന് സൂചിപ്പിച്ചിട്ടില്ല. തുക അടവാക്കുമ്പോൾ മുൻ മാസങ്ങളിൽ കുടിശ്ശികയുണ്ടായിരുന്നോ എന്നും കുടിശ്ശിക വരാനുണ്ടായ കാരണവും ഉറപ്പു വരുത്തിയിട്ടില്ല. മേൽ വാട്ടർ കണക്ഷൻ നിലവിൽ പ്രവർത്തിക്കുന്നില്ല. തുക അടവാക്കിയതിന് രശീതി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തിക്കാത്ത കണക്ഷനു വേണ്ടി തുക അടവാക്കിയതിനും രശീതി ഇല്ലാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 49935/- രൂപയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു

## 3-15 ടെലഫോൺ ബിൽ ഇല്ലാതെ ഫോൺ അലവൻസ് നൽകി

1) വൗച്ചർ നം. 21600208/ 13.6.2016

തുക- 3000 രൂപ,

2) വൗച്ചർ നം. 21600207/ 13.6.2016

തുക- 1500 രൂപ,

മേൽ വൗച്ചർ നം. പ്രകാരം 3000 രൂപ, ചെയർപേഴ്സണ് 2016 മാർച്ച്, ഏപ്രിൽ, മെയ് മാസത്തെ ടെലഫോൺ അലവൻസ് ആയി നൽകിയിട്ടുണ്ട്. അതേ പോലെ സെക്രട്ടറി ശ്രീ ബാബു പ്രസാദിന് ഇതേ മൂന്ന് മാസങ്ങളിലെ തുകയായി 1500 രൂപയും നൽകിയിട്ടുണ്ട്. രണ്ട് കേസിലും ഇവരുടെ അപേക്ഷ മാത്രമാണ് ഉള്ളത്. ബിൽ സമർപ്പിക്കാതെയാണ് തുക അനുവദിച്ചത്.

ക്രമപ്രകാരമല്ലാതെ തുക അനുവദിച്ചതിന് ആവശ്യമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (10/ 2016-17 തി. 31.5.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 4500 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-16 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് കന്നുകട്ടി പരിപാലന പദ്ധതി 277/17

അടങ്കൽ 162500വികസന ഫണ്ട്

165000സംസ്ഥാന ഫണ്ട്

325000 ഗുണഭോക്തൃ വിഹിതം

ചെലവ് 162500വികസന ഫണ്ട് 2/16-17/31.12.16

പ്രോജക്ട് കന്നുകട്ടി പരിപാലന പദ്ധതി 301/17

അടങ്കൽ 25000വികസന ഫണ്ട്

25000സംസ്ഥാന ഫണ്ട്

50000 ഗുണഭോക്തൃ വിഹിതം

ചെലവ് 25000വികസന ഫണ്ട് 2/16-17/31.12.16

കന്നുകട്ടി പരിപാലന പദ്ധതിക്ക് രണ്ടു പ്രോജക്ടുകളിലായി 162500, 25000 എന്നീ തുകകൾ കാഫ് ഫീഡ് അസി ഡയറക്ടർക്ക് 406466/7.1.2017, 406467/7.1.2017 എന്നീ നം. ഡിഡി പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ആയത് ഫലപ്രദമായി വിനിയോഗിച്ചതിനുള്ള വിനിയോഗ സർട്ടിഫിക്കറ്റ് പ്രോജക്ട് പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

വിനയോഗ വിവരത്തിന്റെ അഭാവത്തിൽ 187500 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 3-17 മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം നിർമ്മിച്ചില്ല.

വൗച്ചർ നം. 21600226/ 21.6.16

തുക. 36,000 രൂപ

മേൽ വൗച്ചർ പ്രകാരം മൃഗാശുപത്രിയുടെ വാടകയിനത്തിൽ 9 മാസത്തെ വാടകയായി 36000 രൂപ (9x 4000) അനുവദിച്ചിട്ടുണ്ട്. മൃഗാശുപത്രിയ്ക്ക് ഉണ്ടായിരുന്ന കെട്ടിടം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിട്ടു കൊടുത്തപ്പോൾ അന്നത്തെ ഗ്രാമപഞ്ചായത്ത് ഒരു വർഷത്തിനുള്ളിൽ സ്വന്തമായ കെട്ടിടം നിർമ്മിച്ചു കൊടുക്കുമെന്ന് ഉറപ്പു നൽകിയിരുന്നു.

പരാതിക്കാരനായ ശ്രീ കെ പി അരവിന്ദാക്ഷൻ, കിളിച്ചാർ വീട്, മാനിപുരം എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ 28.1.2015 ൽ ഓംബുഡ്സ്മാൻ ജസ്റ്റിസ് എം എൽ ജോസഫ് ഫ്രാൻസിസിന്റെ ഉത്തരവിൽ, ഉത്തരവിന്റെ പകർപ്പ് കിട്ടി ഒരു വർഷത്തിനുള്ളിൽ മൃഗാശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടം പണിതു കൊടുക്കണമെന്ന് ഉത്തരവിൽ ആവശ്യപ്പെട്ടിരുന്നു.

ഓംബുഡ്സ്മാൻ ഉത്തരവിട്ടിട്ടും മൃഗാശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാത്ത വിവരം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-18 മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ - പെൻഷൻ ഫണ്ട് ആരംഭിക്കേണ്ടതും പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കേണ്ടതുമാണ്

5.8.2016 ലെ ജി.ഒ (എം.എസ് ) 109/2016/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവു പ്രകാരം നഗരസഭയിൽ താഴെ പറയും പ്രകാരമുള്ള കണ്ടിൻജന്റ് ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| ക്രമ നം. | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | എണ്ണം |
|---|---|---|---|
| 1 | കണ്ടിൻജന്റ് വർക്കർ | 9190 – 14620 | 15 |
| 2 | സാനിറ്റേഷൻ വർക്കർ | 8960 – 13210 | 8 |
| | ആകെ | | 23 |

പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭയായതിനാൽ നിലവിൽ മേൽ തസ്തികകളിൽ ജീവനക്കാരില്ല. മേൽ തസ്തികകളിലേക്കുള്ള നിയമന നടപടികൾ പുരോഗമിക്കുന്നു. ( ഫയൽ നമ്പർ - എ2 – 3935 / 2017 ) മേൽ തസ്തികകളിലേക്കുള്ള നിയമനത്തിനായി താമരശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർഥികളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭാ പ്രദേശത്തെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മേൽ തസ്തികകളിലേക്കുള്ള നിയമന നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. നിയമനം പൂർത്തിയാക്കുന്ന മുറക്ക് ജീവനക്കാരിൽ നിന്നും 1997 ലെ മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കേണ്ടതാണ്. മേൽ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് ചട്ടത്തിൽ നിഷ്കർഷിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പതിരിച്ചടവ്

| വായ്പയുടെ പേര്<br>സർക്കാർ ഉത്തരവ് നം, തീയ്യതി | വായ്പ തുക | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | - | - | 14,91,708 | 1459702 | 125110 | 32006 |
| ഇ.എം.എസ്. ഭവന പദ്ധതി, സ.ഉ.(533/10 /ത.സ്വ.ഭ.വ, 18.02.2010 | 1,86,63,000 | | 97,59,250 | 5371486 | - | 4387764 |
| | | | | | | 4419770 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്ക പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ 61570/- രൂപ വരവുണ്ട്. രജിസ്റ്റർ എഴുതി പൂർത്തിയാക്കാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല. (രജിസ്റ്ററിൽ 2015-16 വരെയുള്ള വിവരങ്ങൾ മാത്രമേയുള്ളൂ). 61570/-രൂപ ഏതിനത്തിൽ ആരിൽ നിന്നും ഈടാക്കിയതാണെന്ന വിവരം പ്രഥമ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>ഓഡിറ്റ് വർഷം, ഖണ്ഡിക നം</th><th>സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം</th><th>വിഷയം</th></tr>
<tr><td>1997-98, 30, 31</td><td>2003-04, 11.7</td><td>കാലഹരണപ്പെട്ട നികുതികളുടെ വിവരം</td></tr>
<tr><td>2000-01, 49</td><td>2003-04, 11.6.4</td><td>പാടശേഖരസമിതിക്ക് ട്രാക്ടർ</td></tr>
<tr><td>2000-01, 52</td><td>2003-04, 11.1</td><td>തൊഴിൽരഹിത വേതനം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ ക്രമക്കേട്</td></tr>
<tr><td rowspan="3">2000-01</td><td rowspan="4">2003-04, 11.7</td><td>കൊടക്കുന്ന് അങ്കണവാടി കെട്ടിടം</td></tr>
<tr><td>വെറ്റിനറി ആശുപത്രി റിപ്പയർ</td></tr>
<tr><td>പാലക്കുറ്റി മരുതങ്കൽ റോഡ്</td></tr>
<tr><td rowspan="4">2001-02</td><td>വീട്ടിൽ ഒരു പശു പദ്ധതി - ഇൻഷുറൻസ് പ്രീമിയം നൽകിയത്</td></tr>
<tr><td>റോഡ് -ടി-</td><td>വനിതകൾക്ക് 3 മാസ കംപ്യൂട്ടർ പരിശീലനം</td></tr>
<tr><td>-ടി-</td><td>ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററും എഴുതിയിട്ടില്ല</td></tr>
<tr><td>-ടി-</td><td>നികുതി പിരിവിൽ അലംഭാവം - കുടിശ്ശിക പെരുകുന്നു</td></tr>
</table>

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75325914 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69988732 |
| വരവിനങ്ങളിലുള്ള നഷ്ടം | 292781 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2396373 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-3 | 119084 | | ശ്രീ ബി. ബാബു പ്രസാദ്, സെക്രട്ടറി |
| 2-4 | 35921 | | |
| 2-5 | 5825 | | |
| 2-6 | 10817 | | |
| 2-7 | 26105 | | |
| 2-9 | 14675 | | |
| 2-10 | 76400 | | |
| 2-11 | 3954 | | |
| | 292781 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 284900 | ശ്രീ ബി. ബാബു പ്രസാദ്, സെക്രട്ടറി |
| 3-2 | 883756 | |
| 3-4 | 195000 | ശ്രീ. അബ്ദുൾ റഹീം.കെ പ്രിൻസിപ്പാൾ ജിഎച്ച്എസ്എസ് കൊടുവള്ളി |
| 3-5 | 287575 | ശ്രീമതി.ജയന്തി.എൻ.പി, അസിസ്റ്റൻറ് എഞ്ചിനീയർ |
| 3-6 | 49792 | ശ്രീ ബി. ബാബു പ്രസാദ്, സെക്രട്ടറി |
| 3-7 | 392915 | |
| 3-9 | 10500 | |
| 3-13 | 50000 | ഡോ. നസ്റുൽ ഇസ്ലാം, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-14 | 49935/- | ശ്രീ ബി. ബാബു പ്രസാദ്, സെക്രട്ടറി |
| 3-15 | 4500 | |

| | | |
|---|---|---|
| 3-16 | 187500 | ശ്രീമതി. പി.എസ്. ശ്രീജ,വെറ്ററിനറി സർജ്ജൻ |
| | 2396373 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| | | |
|---|---|---|
| 2-3 | 5874 | ശ്രീ.ബാബു പ്രസാദ്, സെക്രട്ടറി |
| 2-4 | 1796 | |
| 2-5 | 290 | |
| 2-6 | 541 | |
| 2-7 | 1305 | |
| 2-9 | 734 | |

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഖണ്ഡിക . 2(2), 2(3), 2(4)

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബി. ബാബു പ്രസാദ്, സെക്രട്ട റി | സെക്രട്ടറി, കക്കോടി ഗ്രാമപഞ്ചായത്ത് | ശ്രീപത്മം, പടക്കെക്കാട്ടിൽ പറമ്പ്,വേങ്ങേരി പി. ഒ<br>കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.1 /1699/2013(5), തീ.07.01.2014 | 4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.1 /1699/2013(6), തീ.07.01.2014 | 6 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.1 /1699/2013(7), തീ.07.01.2014 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.1 /721/2014(4), തീ.07.01.2014 | 9 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.1 /1699/2013(5), തീ.07.01.2014 | 11 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.1 /485/2008, തീ.05.02.2009 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.1/55/2009, തീ.07.01.2009 | 19 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.1 /351/2010, തീ.30.04.2010 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.1 /726/2011, തീ.01.08.2011 | 24 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.1 /1817/2012, തീ.14.12.2012 | 31 |
| 2009-10,2010-11 | എൽ.എഫ്.കെ.കെ.ഡി/പി.1 /987/2013, തീ.13.03.2013 | 11 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.1 /1019/2014, തീ.04.07.2014 | 15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി.1 /393/2015, തീ.04.08.2015 | 18 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി./പി.1 /1312/2015, തീ | 22 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.1 /2032/15തീയതി. 16.3.16 | 31 |
| 2015-16 (31.10.2015 വരെ) | കെ.എസ്.എ.കെ.കെ.ഡി./പി.1 /145/2017തീയതി. 31.01.2017 | |
| 2015-16 (11/15-03/16വരെ) | കെ.എസ്.എ.കെ.കെ.ഡി./പി.14 /144/2017തീയതി. 31.01.2017-18 | |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി-14/1690/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ – 0495-2371012
തീയതി:24.08.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 1.4.2016മുതൽ 31.03.2017 ൽ അവസാനിച്ച കാലയളവിലെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുവള്ളി നഗരസഭയുടെ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ് മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ്ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA/KKD/P-14/1690/2017

Kerala State Audit Department

PH: 0495-2371012
Civil Station – Kozhikode
District Audit Office

Dated: 24.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KODUVALLY MUNICIPALITY in Kozhikode District for the period from 1.4.2016 to 31.03.2017 in accordance with section'4' of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelince issued by the Comptroller and Auditor Generla of India for the purpose of certification of accounts of Municipalities.

In my openion, the Financial Statements of Koduvally Municipality for the period from 1.4.2016 to 31.3.2017 subject to the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR
Kerala State Audit Department
District Audit Office, Kozhikode